# ആമുഖം

ജനസേവനത്തിന്റെ മാതൃകയായിരിക്കണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ കേരള മുനിസിപ്പാലിറ്റി രാജ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പൗരാവകാശരേഖ. നമ്മുടെ നാട്ടിലെ ഓരോ പൗരന്റെയും ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ഉതകുന്ന സേവനങ്ങൾ സൗജന്യമായും ന്യായമായ ഫീസ് ഈടാക്കിയും ചെയ്യുന്നതിനെപ്പറ്റി നഗരസഭയിലെ ഓരോ പൗരന്മാരും അറിയേണ്ടതുണ്ടല്ലോ. സഹായം നൽകുകയെന്നാൽ ഒരു നിശ്ചിത കാര്യത്തിനുള്ള അനുവാദവും, ലൈസൻസും, സർട്ടിഫിക്കറ്റുകളും അടക്കമുള്ളവയാകുന്നു. നമ്മുടെ നഗരസഭാകാര്യാലയത്തിൽ നിന്നും നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച് നഗരസഭാപരിധിയിലുള്ള മുഴുവൻ പൗരന്മാർക്കും സുതാര്യമായ ഒരു അറിവ് നൽകുക എന്നതാണ് ഈ പൗരാവകാശ രേഖയിലൂടെ ഉദ്ദേശിക്കുന്നത്. ഇത് നഗരസഭയിലെ ഓരോ പൗരന്മാർക്കും കാര്യനിർവ്വഹണങ്ങളുടെ സംശയ ദൂരീകരണത്തിന് സഹായകമാകട്ടെ എന്ന ആശംസകളോടെ....

ഏലിയാമ്മ ഫിലിപ്പ്

ചെയർപേഴ്സൺ, പിറവം നഗരസഭ

പിറവം,

01-10-2021.

# പിറവം നഗരസഭ ഭരണസമിതി

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി ഏലിയാമ്മ ഫിലിപ്പ്<br>(കൗൺസിലർ, വാർഡ് 13) |
| ഡെപ്യൂട്ടി ചെയർമാൻ | : | ശ്രീ. കെ. പി. സലീം<br>(കൗൺസിലർ, വാർഡ് 24) |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | ശ്രീമതി ജൂബി പൗലോസ്<br>(കൗൺസിലർ, വാർഡ് 2) |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. ജിൽസ് പെരിയപ്പുറം<br>(കൗൺസിലർ, വാർഡ് 21) |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | ശ്രീമതി ഷൈനി ഏലിയാസ്<br>(കൗൺസിലർ, വാർഡ് 20) |
| മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | അഡ്വ. ബിമൽ ചന്ദ്രൻ<br>(കൗൺസിലർ, വാർഡ് 19) |
| വിദ്യാഭ്യാസ-കലാ-കായികകാര്യ<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | ശ്രീമതി വത്സല വർഗീസ്<br>(കൗൺസിലർ, വാർഡ് 23) |

## കൗൺസിലർമാർ

| | | |
|---|---|---|
| വാർഡ് - 1 | : | ശ്രീ. പ്രശാന്ത് ആർ. |
| വാർഡ് - 3 | : | ശ്രീമതി പ്രീമ സന്തോഷ് |
| വാർഡ് - 4 | : | ശ്രീമതി ഷെബി ബിജു |
| വാർഡ് - 5 | : | ശ്രീമതി സിനി ജോയി |
| വാർഡ് - 6 | : | ശ്രീമതി ജിൻസി രാജു |
| വാർഡ് - 7 | : | ശ്രീ. രാജു പാണാലിക്കൽ |
| വാർഡ് - 8 | : | ശ്രീമതി ബബിത ശ്രീജി |
| വാർഡ് - 9 | : | ശ്രീമതി രമ വിജയൻ |
| വാർഡ് - 10 | : | ശ്രീ. ഗിരീഷ്കുമാർ |
| വാർഡ് - 11 | : | ശ്രീ. ബാബു പാറയിൽ |
| വാർഡ് - 12 | : | ശ്രീ. ജോജിമോൻ സി. ജെ. |
| വാർഡ് - 15 | : | ശ്രീ. തോമസ് മല്ലിപ്പുറം |
| വാർഡ് - 16 | : | ശ്രീമതി മോളി വലിയകട്ടയിൽ |
| വാർഡ് - 17 | : | ശ്രീമതി അന്നമ്മ ഡോമി |
| വാർഡ് - 18 | : | ശ്രീ. പ്രശാന്ത് മമ്പുറത്ത് |
| വാർഡ് - 22 | : | ശ്രീമതി ജൂലി സാബു |
| വാർഡ് - 23 | : | ശ്രീമതി വത്സല വർഗീസ് |
| വാർഡ് - 25 | : | കുമാരി വൈശാഖി എസ്. |
| വാർഡ് - 26 | : | ശ്രീമതി മോളി ബെന്നി |
| വാർഡ് - 27 | : | ഡോ. സൻജിനി പ്രതീഷ് |

നഗരസഭ സെക്രട്ടറി ശ്രീ. കൃഷ്ണരാജ് എൻ. പി.

# പിറവം നഗരസഭയെ സംബന്ധിച്ച പൊതുവിവരങ്ങൾ

| | | |
|---|---|---|
| രൂപീകരിക്കപ്പെട്ട വർഷം | : | 01-11-2015 |
| ഉൾപ്പെടുന്ന റവന്യൂ പ്രദേശം | : | പിറവം വില്ലേജ് |
| വാർഡുകളുടെ എണ്ണം | : | 27 |
| താലൂക്ക് | : | മൂവാറ്റുപുഴ |
| അസംബ്ലി മണ്ഡലം | : | പിറവം |
| ലോകസഭാ മണ്ഡലം | : | കോട്ടയം |
| വിസ്തീർണ്ണം | : | 29.36 ച. കി. മി. |
| ജനസംഖ്യ | : | 29105 |
| ആൺ | : | 14284 |
| പെൺ | : | 14821 |
| വീടുകൾ | : | 8909 |
| ജനസാന്ദ്രത | : | 858 |
| എസ്.സി. | : | 1813 |
| എസ്.റ്റി. | : | 63 |
| സാക്ഷരത | : | 95% |
| ബിപിഎൽ കുടുംബങ്ങൾ | : | 2451 |

## അതിർത്തികൾ

| | | |
|---|---|---|
| വടക്ക് | : | മണീട് ഗ്രാമപഞ്ചായത്ത്, രാമമംഗലം ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | പാമ്പാക്കുട ഗ്രാമപഞ്ചായത്ത്, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | മുളക്കുളം ഗ്രാമപഞ്ചായത്ത്, വെള്ളൂർ ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1. | ശ്രീ. എൻ. പി. കൃഷ്ണരാജ് | : | സെക്രട്ടറി, പിറവം നഗരസഭ |
| 2. | ശ്രീമതി ചന്ദന അശോക് | : | കൃഷി ആഫീസർ |
| 3. | ഡോ. ജയൻ | : | സീനിയർ വെറ്ററിനറി സർജൻ, പിറവം |
| 4. | ഡോ. എ. വി. കുമാരി ലൈല | : | ചീഫ് മെഡിക്കൽ ആഫീസർ (ആയുർവ്വേദം) |
| 5. | ശ്രീ. മുഹസിൻ പി. എം. | : | അസിസ്റ്റന്റ് എൻജിനിയർ |
| 6. | ശ്രീമതി മായ ശേഖർ | : | പ്രിൻസിപ്പൽ, എച്ച്.എസ്.എസ്., നാമക്കുഴി |
| 7. | ശ്രീമതി ശ്രീദേവി | : | ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| 8. | ഡോ. സുനിൽ ജെ. ഇളന്താട്ട് | : | സൂപ്രണ്ട്, താലൂക്ക് ആശുപത്രി പിറവം |
| 9. | ശ്രീമതി സിജി വർഗീസ് | : | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, പിറവം |
| 10. | ശ്രീമതി പ്രിയ പോൾ | : | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, പിറവം |
| 11. | ഡോ. ക്ലയർ സിറിൾ | : | വെറ്ററിനറി സർജൻ, മുളക്കുളം മൃഗാശുപത്രി |
| 12. | ശ്രീമതി സഫീറ | : | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, പിറവം |
| 13. | ശ്രീമതി സജിത ഡി. | : | പട്ടികജാതി വികസന ഓഫീസർ, പാമ്പാക്കുട |
| 14. | ശ്രീ. അഞ്ചു കെ. തമ്പി | : | ഹെൽത്ത് ഇൻസ്പെക്ടർ, പിറവം നഗരസഭ |

## കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

1. കൃഷിഭവൻ, പിറവം
2. താലൂക്ക് ആശുപത്രി, പിറവം
3. ആയൂർവ്വേദാശുപത്രി, പിറവം
4. മൃഗാശുപത്രി, പിറവം
5. വെറ്ററിനറി ഡിസ്പെൻസറി, മുളക്കുളം
6. യു. പി. സ്കൂൾ - കളമ്പൂർ, കക്കാട്
7. എൽ. പി. സ്കൂൾ - കളമ്പൂർ, പാഴൂർ, പിറവം, നാമക്കുഴി
8. ഹൈസ്കൂൾ - നാമക്കുഴി, പിറവം
9. ഹയർസെക്കന്ററി സ്കൂൾ - നാമക്കുഴി, പിറവം
10. അംഗൻവാടികൾ - 24 എണ്ണം
11. എൻ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറി - കളമ്പൂർ
12. എൻ.ആർ.എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറി - പാഴൂർ

# പിറവം നഗരസഭ - റവന്യു വിഭാഗം

(നിശ്ചിത അപേക്ഷയ്ക്കുള്ള ഫോറങ്ങൾ ക്യാഷ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്)

ഫോൺ: 0485-2242339

## 1) കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിക്കണം
2. അപേക്ഷയിൽ പുതിയ കെട്ടിട നമ്പരും പഴയ നമ്പരും കാണിച്ചിരിക്കണം. പഴയ കെട്ടിടമാണെങ്കിൽ റവന്യു ഇൻസ്പെക്ടറുടെ റിപ്പോർട്ടിന് ശേഷം മാത്രം സർട്ടിഫിക്കറ്റ് നൽകുന്നു.
3. അപേക്ഷയോടൊപ്പം തന്നാണ്ട് നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് സമർപ്പിക്കണം. കുടിശിക പാടില്ല.
4. അപേക്ഷയിൽ സർട്ടിഫിക്കറ്റിന്റെ ആവശ്യം രേഖപ്പെടുത്തിയിരിക്കണം.
5. ഫോറത്തിന്റെ വില 51 രൂപ
6. സേവനം ലഭിക്കുന്ന സമയപരിധി 5 ദിവസം

## 2) സ്ഥിര താമസ സർട്ടിഫിക്കറ്റ് (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്)

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിക്കണം
2. കെട്ടിട ഉടമയുടെ പേര്, വീട്ട് പേര്, വീട്ട് നമ്പർ, വാർഡ് നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം
3. കെട്ടിടത്തിന്റെ പഴയ വാർഡ് നമ്പറും, കെട്ടിട നമ്പറും, പുതിയ വാർഡ് നമ്പറും കെട്ടിട നമ്പറും രേഖപ്പെടുത്തണം
4. നികുതി കുടിശ്ശിക പാടില്ല. തന്നാണ്ട് നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ്
5. വാടകയ്ക്ക് താമസിക്കുന്ന ആളാണ് അപേക്ഷിക്കുന്നതെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രം വാടക എഗ്രിമെന്റ്/കരാർ എന്നിവ ഹാജരാക്കണം
6. റവന്യു ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നു.

## 3) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

1. വെള്ളക്കടലാസിലുള്ള അപേക്ഷയിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിക്കണം
2. നികുതി കുടിശ്ശിക പാടില്ല. തന്നാണ്ടു നികുതി അടച്ച രസീതിന്റെ പകർപ്പ്
3. അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് 7 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് നൽകുന്നു
4. കെട്ടിട നമ്പർ ഒന്നിന് 25 രൂപ സർട്ടിഫിക്കറ്റ് ഫീസ് അടയ്ക്കണം

## 4) വസ്തു നികുതി ഒടുക്കൽ

1. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡപ്രകാരം വസ്തു നികുതി (കെട്ടിട നികുതി) കൗൺസിൽ നിശ്ചയിക്കുന്നു.

2. ഏപ്രിൽ 1 മുതൽ സെപ്തംബർ 30 വരെ ഒന്നാം അർദ്ധ വർഷവും ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ രണ്ടാം അർദ്ധ വർഷവും നികുതി ഒടുക്കണം
3. ഓരോ അർദ്ധ വർഷത്തേയും ആദ്യത്തെ 30 ദിവസത്തിനകം നികുതി ഒടുക്കിയിരിക്കണം.
4. അതാതു വർഷം വീഴ്ച വരുത്തിയാൽ പ്രതിമാസം 1% എന്ന രീതിയിൽ പലിശ ഒടുക്കേണ്ടതാണ്.

   (ഡിമാന്റ് നോട്ടീസ് ലഭിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം നികുതി ഒടുക്കിയിരിക്കണം)

### 5) നികുതി നിർണ്ണയത്തിൽ നിന്നും രക്ഷപെട്ട കെട്ടിടങ്ങളുടെ നികുതി ചുമത്തൽ

1. വസ്തു (കെട്ടിട) നികുതി ചുമത്തുന്നതിൽ നിന്നും രക്ഷപെടുന്ന കെട്ടിടങ്ങളുടെ ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥനായ വ്യക്തിയുടെ പേരിൽ ടാക്സ് നിർണ്ണയിച്ചുകൊണ്ട് 15 ദിവസത്തെ നോട്ടീസ് നൽകുന്നു. (15 പ്രവൃത്തി ദിവസം)

### 6) ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ നിന്നും ഇളവു ചെയ്യൽ

1. വെള്ള കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് കെട്ടിട നമ്പർ കാണിച്ച് ഒഴിഞ്ഞ് കിടക്കുന്ന അർദ്ധവർഷത്തിന് തൊട്ട് മുൻപുള്ള സെപ്തംബർ 31 നകവും മാർച്ച് 31 നകവും കാലയളവ് രേഖപ്പെടുത്തി സെക്രട്ടറിക്ക് അപേക്ഷിക്കണം.
2. അപേക്ഷിക്കുന്ന സമയം വരെയുള്ള നികുതി ഒടുക്കിയ രസീതിന്റെ കോപ്പി അല്ലെങ്കിൽ മുൻ അർദ്ധവർഷം നികുതി ഇളവ് അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ഹാജരാക്കണം (അർദ്ധ വർഷം കഴിഞ്ഞ് പരിശോധിച്ച് ഒഴിവാക്കണം)

### 7) പൊളിച്ചു മാറ്റിയ കെട്ടിടത്തിന് നികുതി ഒഴിവാക്കൽ

1. കെട്ടിട നമ്പർ കാണിച്ച് അപേക്ഷിക്കുന്ന സമയം വരെയുള്ള കുടിശ്ശിക ഒടുക്കി രസീതിന്റെ പകർപ്പ് സഹിതം സെക്രട്ടറിക്ക് വിവരം കാണിച്ച് 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം
2. അന്വേഷണത്തിന് ശേഷം ധനകാര്യ സ്ഥിരം സമിതി അംഗീകരിക്കുന്ന മുറക്ക് അപേക്ഷ തീർപ്പാക്കുന്നു. (15 ദിവസം)

### 8) ജമമാറ്റം

1. വസ്തു (കെട്ടിടം) കൈമാറ്റം ചെയ്ത് 3 മാസത്തിനകം ഉടമസ്ഥാവകാശം മാറ്റുന്നതിന് നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം
2. അപേക്ഷയോടൊപ്പം തന്നാണ്ട് വില്ലേജിൽ കരം ഒടുക്കിയതിന്റെ പകർപ്പ്, കെട്ടിട നികുതി ഒടുക്കിയതിന്റെ പകർപ്പ് എന്നിവയും
3. അപേക്ഷയോടൊപ്പം ആധാരത്തിന്റെ പകർപ്പ് (അസ്സൽ ഒത്തുനോക്കിയതിനു ശേഷം തിരിച്ചു നൽകും) മുന്നാധാരങ്ങൾ ആവശ്യമാണെങ്കിൽ ആയതിന്റെ പകർപ്പ്
4. ആധാരത്തിൽ വസ്തു വിവരപട്ടികയിൽ കെട്ടിടത്തിന്റെ കാര്യം പറഞ്ഞിട്ടില്ലെങ്കിൽ ബന്ധപ്പെട്ട സർവ്വേ നമ്പറിൽ തന്നെയാണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നുള്ള വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം
5. ഉടമസ്ഥാവകാശം മാറ്റപ്പെടേണ്ട കെട്ടിടം പുതുക്കിപ്പണിയുകയോ ഭേദഗതി വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ ക്രമവൽക്കരിച്ചതിനു ശേഷം മാത്രമേ ഉടമസ്ഥാവകാശം മാറ്റുകയുള്ളൂ.

6. മൂന്ന് മാസം കഴിഞ്ഞാൽ 500 രൂപ വരെ പിഴ ചുമത്തി കാലതാമസം മാപ്പാക്കാവുന്നതാണ്.
7. കെട്ടിട ഉടമ മരണപ്പെട്ടാൽ അനന്തരാവകാശികളുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റുന്നതിന് മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തഹസിൽദാറിൽ നിന്നുള്ള പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്, വില്ലേജിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കിയ രസീത് എന്നിവ കൂടി ഹാജരാക്കേണ്ടതാണ്. ഒരു വർഷത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം അല്ലാത്ത പക്ഷം 500 രൂപ വരെ പിഴ ഈടാക്കി കാലതാമസം മാപ്പാക്കാവുന്നതാണ്. രേഖകളുടെ പരിശോധനയും സ്ഥല പരിശോധനയും നടത്തി ജമമാറ്റം നടത്തുന്നു.

## 9) വിമുക്ത ഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ചവർ/അവരുടെ വിധവകൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഭവനത്തിനുള്ള വസ്തു നികുതി ഒഴിവ്

1. കര, വ്യോമ, നാവിക സൈനികർക്ക് മാത്രം (BSF, CRPF, CISF, ITBT, SSB)
2. വിമുക്ത ഭടൻ / ഭാര്യ / വിധവ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും സ്വന്തമായി താമസിക്കുന്ന തുമായ കെട്ടിടത്തിന്റെ 2000 ചതുരശ്ര അടിയിൽ താഴെയുള്ള ഭാഗത്തിന് നികുതി ഒഴിവാക്കുന്നു.
3. എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പായി അപേക്ഷ സമർപ്പിച്ചിരിക്കണം. അപേക്ഷ നൽകാത്ത പക്ഷം നികുതി ചുമത്തുന്നതാണ്.
4. ഡിസ്ചാർജ്ജ് കാർഡിൽ രേഖപ്പെടുത്തുന്നു.
5. വിരമിച്ച സൈനികൻ എന്ന് തെളിയിക്കുന്ന രേഖയോടൊപ്പം വെള്ളപേപ്പറിൽ പ്രത്യേക അപേക്ഷയും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്നുള്ള സത്യവാങ്മൂലം നൽകേണ്ടതാണ്.
6. കൈമാറ്റം ചെയ്യുന്ന പക്ഷം ഇളവ് റദ്ദു ചെയ്യുന്നതാണ്.

## 10) അസസ്സ്മെന്റിന്റെ പകർപ്പ് ലഭിക്കുന്നതിനുള്ള തെരച്ചിൽ ഫീസ്

ഓരോ വർഷത്തിനും പ്രത്യേക നിരക്കിൽ ഈടാക്കുന്നതാണ്. പകർപ്പ് ഫീസ് പേജ് ഒന്നിന് 10 രൂപ

## 11) തൊഴിൽ നികുതി വർദ്ധിപ്പിച്ചതിന്മേലുള്ള പരാതി, റിവിഷൻ ഹർജി - ഹാജരാക്കേണ്ട രേഖ

നികുതി സംബന്ധമായി ബില്ല് ലഭിച്ച് 30 ദിവസത്തിനകം മുൻ അർദ്ധവർഷത്തെ നിരക്കിലുള്ള നികുതി അടച്ച് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സെക്രട്ടറിക്ക് അപേക്ഷ നൽകുക. സമയപരിധി – 30 ദിവസം

## 2. പരസ്യബോർഡ് സ്ഥാപിക്കൽ (Hoardings) ഹാജരാക്കേണ്ട രേഖ

1. പരസ്യബോർഡ് സ്ഥാപിക്കുന്ന സ്ഥല വിവരം/കെട്ടിട വിവരം, പ്ലാൻ, ലൊക്കേഷൻ പ്ലാൻ, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടുത്തി 5 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് വെള്ളപേപ്പറിൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം.
2. സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് അർഹതയുള്ള (എ ക്ലാസ്) എഞ്ചിനീയറിൽ നിന്നും വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം നഗരസഭ സെക്രട്ടറി നിശ്ചയിക്കുന്ന ഫീസ് അടച്ച് മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
3. എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധിച്ച് തടസ്സങ്ങൾ ഇല്ലാത്ത പക്ഷം നഗരസഭ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതായിരിക്കും. പൊതുസ്ഥലങ്ങളിൽ

സ്ഥാപിക്കുന്നതിന് ഫീസായി നഗരസഭ നിശ്ചയിക്കുന്ന ഫീസ് അടക്കേണ്ടതും കൂടാതെ കാലാകാലങ്ങളിൽ ഉള്ള പരസ്യ നികുതി അടക്കേണ്ടതുമാണ്.

4. കമാനങ്ങളും, പരസ്യബോർഡുകളും, പൊതുസ്ഥലത്തോ, റോഡിലോ സ്ഥാപിക്കുന്നതിന് പരസ്യബോർഡിന്റെ വിവരം കാണിക്കുന്ന പ്ലാൻ സഹിതം നഗരസഭ സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതുമാണ്.
5. നിർദ്ദിഷ്ട പരസ്യബോർഡ് പൊതുജനങ്ങൾക്ക് അപകടമോ, അസൗകര്യമോ, ഗതാഗത തടസ്സമോ ഉണ്ടാക്കാൻ പാടില്ലാത്തതാകുന്നു.
6. യാത്രക്കാരുടെ കാഴ്ച മറയ്ക്കാൻ പാടില്ല. മീഡിയനുകളിൽ പരസ്യം സ്ഥാപിക്കാൻ പാടില്ല. നഗരസഭ നിശ്ചയിക്കുന്ന ഫീസ് അടക്കേണ്ടതാണ്.

## 3. സിനിമാ റഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിനുള്ള അപേക്ഷ

1. നിശ്ചിത ഫോറത്തിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ
2. സ്ട്രെക്ചറൽ സൗണ്ട്സ് സർട്ടിഫിക്കറ്റ്
3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
4. മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
5. മൾട്ടിപ്പിൾ/മൾട്ടിസ്റ്റോറി/എയർകണ്ടീഷൻ തീയേറ്ററുകളുടെ കാര്യത്തിൽ ഡിവിഷണൽ ഫയർ ഓഫീസറുടെ സർട്ടിഫിക്കറ്റ്
6. കെ.എം.ബി.ആർ. അനുസരിച്ച് ഒക്യുപെൻസി സർട്ടിഫിക്കറ്റ്
7. ഫിലിം ഡിവിഷൻ സർട്ടിഫിക്കറ്റ്
8. ഫീസടച്ച രസീത്

സമയ പരിധി 15 ദിവസത്തിനകം

## 4. വിനോദ നികുതി

സിനിമാ തീയേറ്റർ ഒഴികെയുള്ള വിനോദ പരിപാടികൾ നടത്തുന്നതിന് സ്ഥലം ഉടമയുടെ അനുമതിയും നിശ്ചിത മാതൃകയിലുള്ള അപേക്ഷയും ഹാജരാക്കേണ്ടതാണ്. നഗരസഭ നിശ്ചയിക്കുന്ന വിനോദ നികുതി (24% മുതൽ 45% വരെ) അടയ്ക്കേണ്ടതാണ്. (വിനോദ നികുതി ഗവ.ഒഴിവാക്കിയിട്ടില്ലാത്തവരെല്ലാം നികുതി അടയ്ക്കേണ്ടതാണ്) സമയ പരിധി 7 ദിവസം.

## 1. നഗരസഭ കടവുകളിൽ നിന്നും മണൽപാസ്സ്

1. 5 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ചു ഓൺലൈൻ അപേക്ഷയുടെ കോപ്പിയോടൊപ്പം പെർമിറ്റ് സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡിന്റെ പകർപ്പ്, വില്ലേജിൽ കരമടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കണം.

## പിറവം നഗരസഭ – ഹെൽത്ത് വിഭാഗം

**ഫോൺ: 0485 2242669**

### 1) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സമയ പരിധി – 15 പ്രവൃത്തി ദിവസം

ഒരു ട്യൂട്ടോറിയൽ സ്ഥാപനം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ 15 ദിവസത്തിൽ കുറയാതെ കാലാവധിക്കു മുമ്പായി 300 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

**സമർപ്പിക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിൽ 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ
2. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ് (അപേക്ഷകൻ കെട്ടിടത്തിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ 200 രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രം നോട്ടറി സാക്ഷ്യപ്പെടുത്തിയത്
3. അപേക്ഷകന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് അപ്പീൽ അധികാരി – നഗരസഭ ഭരണസമിതി

കുറിപ്പ് :

എ) സ്വന്തം ഉത്തരവാദിത്വത്തിൽ സ്ഥാപനത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം

ബി) കുട്ടികൾക്ക് ആനുപാതികമായി ടോയ്ലറ്റ് സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

സി) കുടിവെള്ളം, ശുചിത്വം എന്നിവ ഉറപ്പു വരുത്തണം

ഡി) രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1000 രൂപയിൽ കൂടാതെയുള്ള പിഴ ഈടാക്കുന്നതാണ്.

### 2) സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ

ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ, മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ 15 ദിവസത്തിനുള്ളിൽ കുറയാത്ത കാലയളവിനു മുമ്പായി 300 രൂപ രജിസ്ട്രേഷൻ ഫീ സഹിതം അപേക്ഷ നൽകേണ്ടതാണ്. **സമയ പരിധി – 15 ദിവസം**

എ) കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ്

ബി) അപേക്ഷയിൽ കെട്ടിടത്തിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ 200 രൂപ മുദ്രപ്പത്രത്തിലുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം

സി) അപേക്ഷകന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കോപ്പി

**അപ്പീൽ അധികാരി – നഗരസഭ കൗൺസിൽ**

കുറിപ്പ് :

1. സ്വന്തം ഉത്തരവാദിത്വത്തിൽ സ്ഥാപനത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.
2. പൊലൂഷൻ – കൺട്രോൾ ബോർഡിന്റെ എൻ.ഒ.സി. ലഭിച്ചിരിക്കണം.
3. ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.
4. രജിസ്ട്രേഷന് പുറമെ ഡി ആന്റ് ഒ അനുസരിച്ചുള്ള ലൈസൻസ് കൂടി എടുത്തിരിക്കേണ്ടതാണ്.

5. നഗരസഭ പ്രത്യേകമായി ചെയ്യുന്ന സേവനങ്ങൾക്ക് കൗൺസിൽ നിശ്ചയിക്കുന്ന ഫീസ് ഈടാക്കുന്നതാണ്.
6. രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങൾക്ക് 5000 രൂപ വരെയുള്ള പിഴ ശിക്ഷ ഈടാക്കാവുന്നതാണ്.
7. സ്റ്റെറിലൈസർ, നീഡിൽ ക്രഷർ മുതലായ ഉപകരണങ്ങൾ ആവശ്യം വേണ്ടതാണ്.
8. മെഡിക്കൽ/പാരാമെഡിക്കൽ - സ്ഥാപനങ്ങളിലെ ലൈസൻസിയുടെ/സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വ്യക്തിയുടെ ക്വാളിഫിക്കേഷൻ തെളിയിക്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ കോപ്പി (D&O, Licence/Paramedical/Medical/Tutorial Registration എന്നിവയ്ക്ക് ബാധകം)

**പുതുക്കൽ**

1. എല്ലാ വർഷവും ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെയുള്ള സമയത്ത് നിശ്ചിത അപേക്ഷ പൂരിപ്പിച്ച് 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഫീസടച്ച് പുതുക്കുക.

## 3. വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് - എടുക്കുന്നതിനും / പുതുക്കുന്നതിനും

1. നഗരസഭയിൽ നിന്നും ലഭിക്കുന്ന അപേക്ഷയിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ച്, വാക്സിനേഷൻ നടത്തിയ രേഖ സഹിതം അപേക്ഷിക്കുക. വാർഷിക ലൈസൻസ് ഫീസ് 300 രൂപ
2. സമയപരിധി - 15 ദിവസം

## വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഉള്ള ലൈസൻസ്

സമയപരിധി - 30 ദിവസം

അന്വേഷണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഇൻസ്പെക്ടർ

**അപ്പീൽ അധികാരികൾ**

1-ാം അപ്പീൽ അധികാരി : നഗരസഭ സെക്രട്ടറി

2-ാം അപ്പീൽ അധികാരി : മേഖലാ ജോയിന്റ് ഡയറക്ടർ

## വ്യവസ്ഥകൾ

എ) പുതുതായി വ്യാപാരം തുടങ്ങുന്നതിനും നിലവിലുള്ളവ പുതുക്കുന്നതിനും 30 ദിവസത്തിനു മുമ്പും 90 ദിവസത്തിൽ അധികരിയ്ക്കാതെയും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ബി) വൈകികിട്ടുന്ന അപേക്ഷകളിൽ മേൽ നഗരസഭയുടെ ബൈലോ അനുസരിച്ചുള്ള അധിക തുക ഈടാക്കുന്നതാണ്. ലൈസൻസ് കൂടാതെ വ്യാപാരം നടത്തിയാൽ കോമ്പൗണ്ട് ചെയ്യുന്നതും അങ്ങനെ കോമ്പൗണ്ട് ചെയ്യുമ്പോൾ കുറ്റം രാജിയാക്കൽ ചട്ടപ്രകാരമുള്ള പിഴ ശിക്ഷകൂടി ഈടാക്കുന്നതാണ്.

## സമർപ്പിക്കേണ്ട രേഖകൾ

**പുതുതായി നൽകുമ്പോൾ**

എ) ഡി & ഒ ലൈസൻസിന് നഗരസഭയിൽ നിന്നുമുള്ള 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ

ബി) കെട്ടിട ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ

സി) കരം തീർത്ത രസീത് കോപ്പി (നഗരസഭയിൽ കെട്ടിട നികുതി അടച്ചതിന്റെ)

ഡി) അപേക്ഷയിൽ കെട്ടിട ഉടമയല്ലെങ്കിൽ കെട്ടിട ഉടമയുടെ പേരിൽ വാങ്ങിയ 200 രൂപ മുദ്രപത്രത്തിൽ കെട്ടിട ഉടമയുടെ സമ്മതപത്രം നോട്ടറി സാക്ഷ്യപ്പെടുത്തിയത്.

ഇ) ലൈസൻസിന്റെ 200 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം

എഫ്) പരിസരമലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി

ജി) സ്ഫോടക വസ്തുക്കളാണെങ്കിൽ കളക്ടറുടെ അനുമതി

എച്ച്) യന്ത്ര പ്രതിഷ്ഠാനത്തിന്റെ സംഗതികളിൽ പെർമിറ്റ് ലഭിച്ചതിന്റെ രേഖ

ഐ) ഹോട്ടലുകൾ/റസ്റ്റോറന്റുകൾ/കല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ, മറ്റു ഭക്ഷണങ്ങൾ പാകപ്പെടുത്തുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

**പുതുക്കുന്നതിന്**

എ) നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ

ബി) മുൻ വർഷം ലൈസൻസ് ഫീസ് അടച്ച രസീത്/സർട്ടിഫിക്കറ്റ്

സി) തൊഴിൽ നികുതി, കെട്ടിട നികുതി എന്നിവ അടച്ച രസീതുകൾ

## ഫാക്ടറികൾ/വർക്ക് ഷോപ്പുകൾ മുതലായവയിൽ യന്ത്രം സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിക്കുവാൻ

**സമയപരിധി – 45 ദിവസം**

**സമർപ്പിക്കേണ്ട രേഖകൾ**

എ) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ

ബി) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ്

സി) സ്ഥലത്തിന്റെ ഉടമസ്ഥനല്ലെങ്കിൽ ഉടമസ്ഥന്റെ പേരിലുള്ള 200 രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രം നോട്ടറി സാക്ഷ്യപ്പെടുത്തിയത്.

ഡി) ഫാക്ടറി ആക്ടിന്റെ പരിധിയിൽ വരുന്ന സംഗതികളിൽ ഫാക്ടറി ഇൻസ്പെക്ടറുടേയോ അല്ലെങ്കിൽ ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസറുടേയോ പദവിയിൽ താഴെ അല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്

ഇ) സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്ര സാമഗ്രികളുടെ കണക്റ്റഡ് ലോഡ് 25 എച്ച്.പി.യിൽ കവിയുന്നതോ, യന്ത്ര സാമഗ്രികളുടെയും മറ്റു സ്ഥാപനങ്ങളുടേയും സ്വഭാവം ശല്യമോ മലിനീകരണമോ ഉണ്ടാക്കാൻ സാധ്യത ഉള്ളതാണെങ്കിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റും എട്ടാം പട്ടികയിൽപെട്ട സ്ഥാപനങ്ങൾക്ക് ഫയർ ഡിവിഷൻ ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റും ആവശ്യമാണ്. (എന്നാൽ ഏതെങ്കിലും വ്യവസായം മലിനീകരണം ഉണ്ടാക്കുന്നതല്ല എന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ, വ്യവസായ വകുപ്പിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, ശുപാർശ ചെയ്തിട്ടുള്ള പ്രഖ്യാപനം അപേക്ഷകൻ ഹാജരാക്കുകയാണെങ്കിൽ ഡി.എം.ഒ. യുടെ സർട്ടിഫിക്കറ്റ് ആവശ്യമല്ല).

എഫ്) സൈറ്റ് പ്ലാൻ (100 മീറ്ററിന് ചുറ്റളവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, താമസ സ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തിയിരിക്കണം).

ജി) എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവയ്ക്കു ജില്ലാ കളക്ടർ അല്ലെങ്കിൽ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുവാദപത്രം

## ജനന-മരണ വിഭാഗം

### 1) 6 വയസ്സിനുള്ളിൽ ജനന സർട്ടിഫിക്കറ്റ് പേര് ചേർത്ത് ലഭിക്കുന്നതിന്

മാതാപിതാക്കളുടെ സംയുക്ത അപേക്ഷ

മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡ് 50 രൂപയുടെ മുദ്രപ്പത്രം (പിതാവിന്റെ അല്ലെങ്കിൽ മാതാവിന്റെ പേരിൽ) സർട്ടിഫിക്കറ്റ് ഓൺലൈൻ ആയി എടുക്കാവുന്നതാണ്.

### 2) 6 വയസ്സ് കഴിഞ്ഞ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് പേര് ചേർത്ത് ലഭിക്കുന്നതിന്

മാതാപിതാക്കളുടെ സംയുക്ത അപേക്ഷ, തിരിച്ചറിയൽ രേഖ (18 വയസ്സിനുമുകളിൽ ഉള്ളവർ നേരിട്ട് അപേക്ഷിക്കാവുന്നതാണ്.)

കുട്ടിയുടെ സ്കൂൾ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

50 രൂപയുടെ മുദ്രപ്പത്രം 18 വയസ്സ് കഴിഞ്ഞാൽ കുട്ടിയുടെ പേരിൽ മുദ്രപ്പത്രം വാങ്ങാവുന്നതാണ്.

### 3) മാതാപിതാക്കളുടെ പേര് തിരുത്തുന്നതിന്

1. സംയുക്ത അപേക്ഷ
2. മാതാവിന്റെ / പിതാവിന്റെ സ്കൂൾ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തുന്ന കോപ്പി
3. കുട്ടി ജനിച്ച ആശുപത്രിയിലെ തിരുത്തൽ കത്ത്
4. രണ്ട് വ്യത്യസ്ത പേരുകളാണെങ്കിൽ രണ്ടു പേരിലും അറിയപ്പെടുന്ന ആൾ ഒരാൾ തന്നെയാണെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം
5. പഴയ ജനന സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെങ്കിൽ തിരികെ ഹാജരാക്കുക
6. പുതുതായി ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകുക

### 4) 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേര് തിരുത്തുന്നതിന്

1. മാതാപിതാക്കളുടെ സംയുക്ത അപേക്ഷ
2. മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡിന്റെ കോപ്പി
3. മുമ്പ് വാങ്ങിയ ജനന സർട്ടിഫിക്കറ്റ് തിരികെ ഹാജരാക്കുക
4. 50 രൂപയുടെ മുദ്രപ്പത്രത്തോടു കൂടി അപേക്ഷ നൽകുക/ഓൺലൈൻ

### 5) 6 വയസ്സിന് മുകളിലുള്ള കുട്ടികളുടെ പേര് തിരുത്തുന്നതിന്

1. സംയുക്ത അപേക്ഷ, തിരിച്ചറിയൽ രേഖ
2. കുട്ടിയുടെ സ്കൂൾ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. മാതാപിതാക്കൾ ഒപ്പിട്ട 100 രൂപയുടെ മുദ്രപ്പത്രത്തിലുള്ള സത്യവാങ്മൂലം

4. മുമ്പ് വാങ്ങിയ ജനന സർട്ടിഫിക്കറ്റ് തിരികെ ഹാജരാക്കുക

## 6) വിവാഹം രജിസ്റ്റർ ചെയ്യുന്നതിന്

1. വിവാഹ റിപ്പോർട്ട് ഫോറം - 2 എണ്ണം
2. വരന്റെയും വധുവിന്റെയും സ്കൂൾ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി
3. വരന്റെയും വധുവിന്റെയും തിരിച്ചറിയൽ കാർഡിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി
4. സമുദായത്തിലെ കത്ത്
5. വിവാഹം നടന്ന സ്ഥലത്തെ സർട്ടിഫിക്കറ്റ്
6. പാസ്പോർട്ട് സൈസ് ഫോട്ടോ ഓരോരുത്തരുടേയും 2 കോപ്പി
7. സാക്ഷികളുടെ തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി
8. രജിസ്ട്രാർ അഡ്രസ് ചെയ്തുകൊണ്ടുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ

## വൈകിയ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ

1. വിവാഹ റിപ്പോർട്ട് ഫോറം - 2 എണ്ണം
2. വരന്റെയും വധുവിന്റെയും സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട് അറ്റസ്റ്റ് ചെയ്ത കോപ്പി
3. വരന്റെയും വധുവിന്റെയും തിരിച്ചറിയൽ കാർഡിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി
4. സമുദായത്തിലെ കത്ത്
5. വിവാഹം നടന്ന സ്ഥലത്തെ സർട്ടിഫിക്കറ്റ്
6. പാസ്പോർട്ട് സൈസ് ഫോട്ടോ ഓരോരുത്തരുടേയും 3 കോപ്പി
7. സാക്ഷികളുടെ തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി
8. രജിസ്ട്രാർ അഡ്രസ് ചെയ്തുകൊണ്ടുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച മാപ്പപേക്ഷ
9. ഫോറം II ഡിക്ലറേഷൻ
10. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കാക്കനാട് - ലേക്ക് അഡ്രസ്സ് ചെയ്തുകൊണ്ടുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ. (വിവാഹം നടന്ന് അഞ്ച് വർഷം കഴിഞ്ഞവർ)
11. വിവാഹം നടന്ന് 1 വർഷം മുതൽ 5 വർഷം വരെ ജില്ലാ വിവാഹ രജിസ്ട്രാർക്കുള്ള മാപ്പ് അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്.

### ഹരിതകർമ്മ സേന

നഗരപ്രദേശത്തെ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയും ശുചിയാക്കിയ തുമായ അജൈവ മാലിന്യങ്ങൾ യൂസർ ഫീ സ്വീകരിച്ച് ശുചിത്വ മിഷന്റെ കലണ്ടർ പ്രകാരം ഹരിതകർമ്മസേന മുഖാന്തിരം ശേഖരിക്കുന്നതാണ്.

## പിറവം നഗരസഭ – പൊതുമരാമത്ത് വിഭാഗം

ഫോൺ: 0485 2244405

1. നഗരസഭ പരിധിയിലെ വിവിധ റോഡുകൾ പൈപ്പ് ലൈൻ കണക്ഷൻ പോലുള്ള ആവശ്യങ്ങൾക്ക് മുറിക്കുന്നതിന്.

അംഗീകൃത പ്ലംബർ സാക്ഷ്യപ്പെടുത്തിയ സ്കെച്ച്, വാർഡ് കൗൺസിലറുടെ സമ്മതപത്രം എന്നിവ ഉള്ളടക്കം ചെയ്തതും 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചതുമായ അപേക്ഷകന്റെ ഫോൺ നമ്പർ രേഖപ്പെടുത്തിയ അപേക്ഷ. അപേക്ഷയിന്മേൽ പരിശോധന നടത്തി താഴെ പറയുന്ന നിരക്കിൽ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്.

### നഗരസഭയുടെ റോഡുകൾ

- Black Topped - Rs. 3179.04/$m^2$
- എർത്തേൺ റോഡുകൾ &Beems restoration - Rs. 359.85/$m^2$
- സേവനം ലഭിക്കുന്ന സമയപരിധി–സ്ഥലം പരിശോധിച്ച് റിപ്പോർട്ട് പൊതുമരാമത്ത് സ്ഥിരം സമിതി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

### 1. കെട്ടിടം/കിണർ/മതിൽ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ്

300$m^2$ വരെയുള്ള അപകടസാദ്ധ്യത കുറഞ്ഞ കെട്ടിടങ്ങൾക്ക് പെർമിറ്റ് IBPMS മുഖേന മാത്രം സ്വീകരിക്കുന്നതാണ്. 300$m^2$ വരെയുള്ള അപകടസാദ്ധ്യത കൂടിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിക്കുന്നതിന് വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, നിർമ്മാണപ്രവർത്തിയുടെ പ്ലാൻ (സൈറ്റ് പ്ലാനും മറ്റ് അനുബന്ധ പ്ലാനുകളും മൂന്ന് സെറ്റ് സഹിതം) ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. മതിൽ നിർമ്മിക്കുന്നതിന് താലൂക്ക് സർവ്വേ സ്കെച്ച് ഹാജരാക്കണം.

### നിബന്ധനകൾ

വസ്തുവിന്റെ ആധാരം, നികുതി രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം. പ്ലാനുകൾ അംഗീകൃത ആർക്കിടെക്ട്/എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിരിക്കണം.

#### കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സേവനം ലഭിക്കുന്ന സമയപരിധി

രേഖകൾ ശരിയെങ്കിൽ 15 ദിവസം. അതിരിൽ നിന്നും കെട്ടിടത്തിലേയ്ക്കുള്ള അകലവും പ്ലോട്ടിലേക്കുള്ള അകലവും പ്ലോട്ടിലേക്കുള്ള വഴിയും വ്യക്തമായിരിക്കണം. ഒരു വശവും പിന്നാമ്പുറവും മതിലില്ലാത്ത പക്ഷം 100 രൂപ മുദ്രപത്രത്തിലുള്ള സ്ഥലം ഉടമയുടെ നോട്ടറി അറ്റെസ്റ്റ് ചെയ്ത സാക്ഷ്യപത്രം വേണം.

### 2. പെർമിറ്റ് കാലാവധി നീട്ടാൻ അപേക്ഷിക്കേണ്ട വിധം

5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിലവിലുള്ള പെർമിറ്റും പ്ലാനും സഹിതം വെള്ളക്കടലാസിൽ അപേക്ഷ നൽകുക.

### നിബന്ധനകൾ

പെർമിറ്റ് കാലാവധി തീരുന്നതിന് മുമ്പ് അപേക്ഷിക്കണം തന്നാണ്ടത്തെ ഭൂ നികുതി അടച്ചതിന്റെ രസീത് ഹാജരാക്കണം.

**അടയ്ക്കേണ്ട ഫീസ്**

- പെർമിറ്റ് ഫീസിന്റെ പത്തുശതമാനം
- സേവനം ലഭിക്കുന്ന സമയപരിധി-3 ദിവസം

**3. പെർമിറ്റ് പുതുക്കൽ**

**അപേക്ഷിക്കേണ്ട വിധം**

5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിലവിലുള്ള പെർമിറ്റും പുതുക്കിയ പ്ലാനും സഹിതം വെള്ളക്കടലാസിൽ അപേക്ഷ നൽകുക.

**നിബന്ധനകൾ**

പെർമിറ്റ് കാലാവധി തീർന്ന് ഒരു വർഷത്തിനകം അപേക്ഷിക്കണം. തന്നാണ്ടത്തെ ഭൂ നികുതി അടച്ചതിന്റെ രസീത് ഹാജരാക്കണം.

**അടയ്ക്കേണ്ട ഫീസ്**

- പെർമിറ്റ് ഫീസിന്റെ അമ്പത് ശതമാനം
- സേവനം ലഭിക്കുന്ന സമയപരിധി 7 പ്രവൃത്തി ദിവസം.

5. റോഡിന് സമീപമുള്ള കെട്ടിടങ്ങൾക്ക് മുനിസിപ്പൽ, PWD റോഡിൽ നിന്നും 3 മീറ്റർ അകലം പാലിക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട സ്കീമുകൾ പ്രകാരമുള്ള ഭവനനിർമ്മാണത്തിന് PWD ഒഴികെയുള്ള റോഡുകളിൽ നിന്നും പാലിക്കേണ്ട കുറഞ്ഞ അകലം 1½ മീറ്റർ ആണ്. (എൻ.എച്ചിൽ നിന്നും 5 മീറ്റർ)

**6. ഫയർ അനുമതി ആവശ്യമായ നിർമ്മാണം**

തൊട്ടടുത്ത പൊതു റോഡിൽ നിന്നും 15 മീറ്റർ കൂടുതൽ അകലത്തിലുള്ളതും, ഭൂനിരപ്പിൻ മുകളിൽ പാർപ്പിടാവശ്യഗണത്തിലുള്ള 3 നിലകളിൽ കൂടുതലുള്ള കെട്ടിടങ്ങൾ, ഭൂ നിരപ്പിന് മുകളിൽ 2 നിലകളിൽ കൂടുതലുള്ള പാർപ്പിടാവശ്യഗണത്തിൽപ്പെടാത്തത് മറ്റു കെട്ടിടങ്ങൾ എന്നിവയ്ക്ക് ഫയർ എൻ.ഒ.സി. വേണം.

**7. മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതി (PCB)**

ഹൈ റൈസ് കെട്ടിടങ്ങൾ (15 മീറ്ററിന് മുകളിൽ) ഫ്ളാറ്റുകൾ, മലിനീകരണ സാദ്ധ്യതയുള്ള വ്യവസായശാലകൾ, സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് പി.സി.ബി. അനുമതി ആവശ്യമാണ്.

**8. വാസസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ഫീസ്**

വാസഗൃഹങ്ങൾക്ക് 149. $m^2$ സ്ക്വർഫീറ്റിന് 3.50 നിരക്കിലും 150 $m^2$ മുകളിൽ ഉള്ളവർക്ക് 7 രൂപ നിര ക്കിലും. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് $m^2$ ന് 10 രൂപ നിരക്കിൽ

**9. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടവ.**

എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും നഗരസഭയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. അനുമതിയ്ക്കായി അംഗീകൃത ഡിസൈനർമാർ തയ്യാറാക്കിയ പ്ലാനും അനുബന്ധരേഖകളും നഗരസഭയിൽ സമർപ്പിക്കണം. നിർമ്മാണ അനുമതിയും തുടർന്നു നിർമ്മാണ പ്രവർത്തനങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കും.

## ക്ഷേമ പെൻഷനുകൾ

### 1. അഗതി പെൻഷൻ (വിവാഹ മോചിതർക്കും, വിധവകൾക്കും)

| | | |
|---|---|---|
| സമയപരിധി | - | 40 പ്രവൃത്തിദിവസം |
| അന്വേഷണ ഉദ്യോഗസ്ഥൻ | - | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-ാം അപ്പീൽ അധികാരി | - | നഗരസഭ സെക്രട്ടറി |
| 2-ാം അപ്പീൽ അധികാരി | - | മേഖലാ ജോയിന്റ് ഡയറക്ടർ |

**അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ
2. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്
3. വിവാഹമോചനം നേടിയതിന്റെ രേഖ.
4. സ്ഥിരതാമസം തെളിയിക്കാൻ റേഷൻ കാർഡിന്റെ/മേൽവിലാസം തെളിയിക്കുന്ന രേഖയുടെ പകർപ്പ്.
5. തിരിച്ചറിയൽ രേഖ (ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖയുടെ പകർപ്പ്)
6. പുനർവിവാഹം ചെയ്തിട്ടില്ലെന്ന് സ്വയം നൽകുന്ന സാക്ഷ്യപത്രം.
7. ഏഴു വർഷമായി ഭർത്താവിന്റെ വിവരമില്ല എന്ന് തെളിയിക്കുന്ന വില്ലേജാഫീസറുടെ രേഖ.

**അർഹത**

1. വിധവകൾ
2. വിവാഹമോചനം നേടിയ സ്ത്രീകൾ
3. ഏഴു വർഷമായി ഭർത്താവിന്റെ വിവരം ലഭ്യമല്ലാത്ത സ്ത്രീകൾ
4. തുടർച്ചയായി രണ്ട് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവർ
5. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയുവാൻ പാടില്ല.
6. പ്രായപരിധിയില്ല.

### 2. വികലാംഗ പെൻഷൻ

| | | |
|---|---|---|
| സമയപരിധി | - | 40 ദിവസം |
| അന്വേഷണ ഉദ്യോഗസ്ഥൻ | - | ഹെൽത്ത് ഇൻസ്പെക്ടർ (താലൂക്ക് ആശുപത്രി) |
| അപ്പീൽ അധികാരി | - | (1) നഗരസഭ സെക്രട്ടറി |
| | | (2) മേഖലാ ജോയിന്റ് ഡയറക്ടർ |

**അർഹത**

1. കുടുംബ വാർഷികവരുമാനം 1,00,000/- രൂപയിൽ കവിയരുത്.
2. വയസ് പരിധിയില്ല
3. കേരളത്തിൽ തുടർച്ചയായി രണ്ട് വർഷം സ്ഥിരതാമസമാക്കിയിരിക്കണം.
4. ശാരീരിക /മാനസിക വൈകല്യമുള്ളവരായിരിക്കണം. (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്)
   (a) അസ്ഥി വൈകല്യം ചുരുങ്ങിയത് 40%
   (b) അന്ധർ - കൂടുതൽ കാഴ്ചയുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്റ്റെല്ലനിൽ അധികരിക്കരുത്.
   (c) ബധിരം - കേൾവിശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്.
   (d) മാനസിക വൈകല്യം

**3. 50 വയസ്സു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ**

| | | |
|---|---|---|
| സമയപരിധി | - | 40 ദിവസം |
| അന്വേഷണ ഉദ്യോഗസ്ഥൻ | - | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അപ്പീൽ അധികാരികൾ | - | (1) നഗരസഭ സെക്രട്ടറി |
| | | (2) മേഖലാ ജോയിന്റ് ഡയറക്ടർ |

**അർഹത**

(a) കുടുംബ വാർഷികവരുമാനം 1,00,000/- രൂപയിൽ കവിയരുത്.

(b) 50 വയസ് കവിഞ്ഞ അവിവാഹിത

**ഹാജരാക്കേണ്ട രേഖകൾ**

(a) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ

(b) അവിവാഹിതയാണെന്നും, വരുമാനവും പ്രായവും തെളിയിക്കുന്നതുമായ **വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ്**

(c) തിരിച്ചറിയൽ രേഖ (ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖയുടെ പകർപ്പ്)

**4. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം (ജില്ലാ സാമൂഹ്യ നീതി വകുപ്പിൽ നിന്നും അനുവദിക്കുന്ന മുറക്ക്)**

| | | |
|---|---|---|
| സമയപരിധി | - | 40 പ്രവൃത്തിദിവസം. |
| അന്വേഷണ ഉദ്യോഗസ്ഥൻ | - | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അപ്പീൽ അധികാരികൾ | - | 1-ാം അപ്പീൽ അധികാരി - നഗരസഭ സെക്രട്ടറി |
| | | 2-ാം അപ്പീൽ അധികാരി - മേഖലാ ജോയിന്റ് ഡയറക്ടർ |

**അർഹത**

(a) വിവാഹ ദിവസം പെൺകുട്ടിയ്ക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം.

(b) കുടുംബ വാർഷികവരുമാനം 22,375 രൂപയിൽ കവിയരുത്.

(c) വിവാഹിതയാകുന്ന പെൺകുട്ടി മൂന്ന് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം.

(d) സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000/-രൂപയിൽ കവിയരുത്.

(e) വിധവകളുടെ /മൂന്ന് വർഷത്തിൽ അധികമായി വിവാഹമോചിതരായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കൾ.

**ഹാജരാക്കേണ്ട രേഖകൾ**

(a) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ രണ്ട് പകർപ്പുകൾ

(b) അമ്മ/വിധവ/വിവാഹമോചിതയാണെന്ന് തെളിയിക്കുന്ന രേഖ

(c) വിവാഹിതയാകുന്ന പെൺകുട്ടിയുടെ വയസ്സ് തെളിയിക്കുന്ന രേഖ

(d) വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയതോ അച്ചടിച്ചതോ ആയ പ്രതിശ്രുത വരന്റെ സത്യവാങ്മൂലം.

(e) വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിരതാമസിയാണെന്ന രേഖ (മൂന്ന് വർഷം)

(f) വിവാഹത്തിന് ഒരു മാസം മുൻപ് അപേക്ഷിക്കാത്തപക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള

അപേക്ഷ (പരമാവധി ഒരു വർഷം വരെ).

**5. വാർദ്ധക്യകാല പെൻഷൻ**

| | | |
|---|---|---|
| സമയപരിധി | - | 40 ദിവസം |
| അന്വേഷണ ഉദ്യോഗസ്ഥൻ | - | റവന്യു ഇൻസ്പെക്ടർ |
| അപ്പീൽ അധികാരി | - | (1) നഗരസഭ സെക്രട്ടറി |
| | | (2) മേഖലാ ജോയിന്റ് ഡയറക്ടർ |

**അർഹത**

1. കുടുംബ വാർഷികവരുമാനം 1,00,000/- രൂപയിൽ കവിയരുത്.
2. 60 വയസ്സ് കഴിഞ്ഞവർക്ക്
3. കേരളത്തിൽ തുടർച്ചയായി രണ്ട് വർഷം സ്ഥിരതാമസമാക്കിയിരിക്കണം.
4. 2000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വീടുള്ളവരായിരിക്കണം
5. വാഹനം ഉണ്ടെങ്കിൽ 1000 സി.സി.യിൽ താഴെയായിരിക്കണം

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
2. ആധാർകാർഡ്
3. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. റേഷൻ കാർഡിന്റെ പകർപ്പ്
5. വരുമാന സർട്ടിഫിക്കറ്റ്
6. പാസ്പോർട്ട് സൈസ് ഫോട്ടോ

**തൊഴിൽ രഹിത വേതനം**

| | | |
|---|---|---|
| അന്വേഷണ ഉദ്യോഗസ്ഥൻ | - | റവന്യു ഇൻസ്പെക്ടർ |
| അപ്പീൽ അധികാരി | - | (1) നഗരസഭ സെക്രട്ടറി |
| | | (2) മേഖലാ ജോയിന്റ് ഡയറക്ടർ |

**അർഹത**

1. കുടുംബ വാർഷികവരുമാനം 12000/- രൂപയിൽ കവിയരുത്.
2. എസ്.എസ്.എൽ.സി. കഴിഞ്ഞ് 35 വയസ്സ് വരെ അപേക്ഷിക്കാം
3. നഗരസഭാ പരിധിയിൽ 3 വർഷക്കാലമായി സ്ഥിരതാമസമാക്കിയിരിക്കണം.
4. എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത് 3 വർഷത്തിന് ശേഷം

**ഹാജരാക്കേണ്ട രേഖകൾ**

1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പ്
2. ആധാർകാർഡ് 2 പകർപ്പ്
3. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് 2 പകർപ്പ്
4. റേഷൻ കാർഡിന്റെ 2 പകർപ്പ്
5. വരുമാന സർട്ടിഫിക്കറ്റ് 2 പകർപ്പ്
6. പാസ്പോർട്ട് സൈസ് ഫോട്ടോ 2 പകർപ്പ്
7. എസ്.എസ്.എൽ.സി. ബുക്കിന്റെ 2 പകർപ്പ്
8. എംപ്ലോയ്മെന്റ് കാർഡിന്റെ 2 പകർപ്പ്

## കുടുംബശ്രീ
## കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി

ഫോൺ: 0485 2243497/9961488227

# കുടുംബശ്രീ സംവിധാനം

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി 1998-ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് രൂപം നൽകിയ നൂതന സംവിധാനമാണ് കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ. ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ്യ ചുമതലയായി ഏറ്റെടുത്തിട്ടുള്ള ഈ മിഷൻ അതിന്റെ പ്രവർത്തന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ Community Development Society (CDS) ആണ് നടപ്പാക്കുന്നത്.

## പ്രവർത്തനവും ലഭ്യമാകുന്ന സേവനങ്ങളും

### അയൽക്കൂട്ടരൂപീകരണം.

- 18 വയസ്സ് മുതലുള്ള സ്ത്രീകൾക്ക് അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാവാം.
- ഓരോ പ്രദേശത്തെ കുടുംബങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായ ഓരോ സ്ത്രീകളെ ഉൾപ്പെടുത്തി 10 മുതൽ പരമാവധി 20 വരെ അംഗങ്ങളെ ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നു.
- അയൽക്കൂട്ട അംഗമാകുന്നതിലൂടെ വിഭിന്നങ്ങളായ പലിശയിളവോടുകൂടിയ വായ്പകൾ ഉൾപ്പെടെ നിരവധി സഹായ പദ്ധതികൾ ലഭ്യമാകുന്നു.

അയൽക്കൂട്ടങ്ങളെ വാർഡ് തലത്തിൽ Area Development Society (ADS) കളായും നഗരസഭാതലത്തിൽ Community Development Society (CDS) കളായും ഫെഡറേറ്റ് ചെയ്തിരിക്കുന്നു.

### സാമൂഹിക വികസനം

### ബഡ്സ്, ബാലസഭ രൂപീകരണം

- ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നു.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാരെ ഉൾപ്പെടുത്തി സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.
- ബഡ്സ് സ്കൂളുകളിൽ പഠനം ഉൾപ്പെടെ അവർക്കിണങ്ങുന്ന തൊഴിൽ പരിശീലനങ്ങളും നൽകുന്നു.
- ചെറിയ കുട്ടികൾക്കായി വാർഡുകൾ തോറും 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി ബാലസഭകൾ രൂപീകരിക്കുന്നു.
- കുട്ടികൾക്ക് വിഭിന്നങ്ങളായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

- കുട്ടികളുടെ കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കുക ലക്ഷ്യം വെച്ച് മത്സരപരിപാടികളും സംഘടിപ്പിക്കുന്നു.
- കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി ഓരോ സി.ഡി.എസ്. ലും ബാല ലൈബ്രറികളും ബാലസഭയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

### അഗതി രഹിത കേരളം – ആശ്രയപദ്ധതി

- സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.
- ആരോരും സഹായിക്കാനില്ലാതെ ഒറ്റപ്പെട്ടു താമസിക്കുന്നവർക്കും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർക്കും രോഗങ്ങളാൽ കഷ്ടപ്പെടുന്നവർക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്.
- തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഭക്ഷ്യകിറ്റുകളും മരുന്നും മറ്റു സഹായങ്ങളും നൽകിവരുന്നു.

### അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ

- അയൽക്കൂട്ടങ്ങൾക്ക് NULM പദ്ധതി വഴി ലിങ്കേജ് സബ്സിഡി നൽകുന്നു.
- NULM പദ്ധതി വഴി അയൽക്കൂട്ടങ്ങൾക്ക് 10000/- രൂപയും എ.ഡി.എസ്. കൾക്ക് 50000/-രൂപയും റിവോൾവിംഗ് ഫണ്ട് നൽകുന്നു,
- ലിങ്കേജ് വായ്പ എടുത്ത അയൽക്കൂട്ടങ്ങൾക്ക് മാച്ചിങ്ങ് ഗ്രാന്റ് നൽകുന്നു.
- കോർപ്പസ് ഫണ്ട്
- സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4 മുതൽ 7 വരെ അംഗങ്ങളെ ഉൾപ്പെടുത്തി കൃഷി ഗ്രൂപ്പുകൾ രൂപീകരിച്ച് സബ്സിഡി ലോണുകൾ ലഭ്യമാക്കുന്നു.

### സ്ത്രീ ശാക്തീകരണം

- സ്ത്രീപദവി സ്വയം പഠനം, സ്നേഹിത, ജെൻഡർ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സേവനങ്ങൾ ഇതിൽപ്പെടുന്നു.
- സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, ഗാർഹിക പീഡനങ്ങൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് അവർക്കു വേണ്ടുന്ന കൗൺസിലിംഗ്, ആവശ്യമെങ്കിൽ നിയമസഹായവും ജെൻഡർ ഹെൽപ്പ് ഡെസ്ക് വഴി ലഭ്യമാകുന്നു.
- ഇതുമായി ബന്ധപ്പെട്ട് ഒരു കമ്മ്യൂണിറ്റി കൗൺസിലറുടെ സേവനം നഗരസഭയിൽ ലഭ്യമാണ്.

### സാന്ത്വനം പദ്ധതി

- കിടപ്പുരോഗികളായവർക്കും മറ്റു പ്രായമായവർക്കും വീട്ടിൽ വന്ന് പ്രമേഹം, രക്ത സമ്മർദ്ദം, കൊളസ്ട്രോൾ തുടങ്ങിയവ പരിശോധിച്ച് പരിശോധനാഫലം അപ്പോൾ തന്നെ നല്കുന്നു.
- ഇതിനായി കുടുംബശ്രീ മിഷൻ NULM പദ്ധതിയുടെ സ്വയം തൊഴിൽ സംരംഭം വഴി ഓരോ നഗരസഭയിലും വോളണ്ടിയറെ നിയമിച്ചിട്ടുണ്ട്.
- കുടുംബശ്രീ ഓഫീസുമായി ബന്ധപ്പെട്ടാൽ സാന്ത്വനം വോളണ്ടിയറുടെ സേവനം ലഭ്യമാണ്.

1. F.F.C. **പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക ഉപകരണങ്ങൾ താഴെ പറയുന്ന പ്രകാരം വാടകയ്ക്ക് നൽകുന്നു.**

| | |
|---|---|
| തെങ്ങ് കയറുന്ന മെഷീൻ | - 100 |
| ഷൗവ്വൽ | - 20 |
| കുന്താലി | - 10 |
| ഫോക്ക് | - 10 |
| മൺവെട്ടികോട്ട് | - 15 |
| കത്രിക | - 20 |
| അരിവാൾ | - 5 |
| കുട്ട | - 5 |
| വാക്കത്തി | - 5 |
| പിക്കാസ് | - 30 |
| കമ്പി | - 20 |
| കൈക്കോടാലി | - 10 |
| ബുഷ് കട്ടർ | - 300 |
| തൂമ്പ | - 15 |

**2. ബി.പി.എൽ. സർട്ടിഫിക്കറ്റ്**

എ) വെള്ളപേപ്പറിൽ അപേക്ഷ, റേഷൻ കാർഡിന്റെ കോപ്പി, ബി.പി.എൽ. ലിസ്റ്റ് നമ്പർ ഇവ രേഖപ്പെടുത്തി സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചാൽ ആവശ്യമെങ്കിൽ ഉടനെയും അല്ലാത്തപക്ഷം പിറ്റേദിവസവും നൽകുന്നതാണ്.

ബി) ഫീസ് - ഇല്ല

സി) വെള്ള പേപ്പറിൽ അപേക്ഷ സമർപ്പിച്ചാൽ ഗവ. ആശുപത്രി, വെറ്ററിനറി ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് കുടുംബശ്രീ അംഗങ്ങളെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കാനുള്ള നടപടി ഉണ്ടാകുന്നു.

ഡി) കുടുംബശ്രീ സ്ത്രീ സുരക്ഷ ബീമായോജന പദ്ധതിയിൽ ഉൾപ്പെടുത്തി 150 രൂപ വീതം പ്രീമിയം അടച്ച് മെമ്പർഷിപ്പ് എടുത്തിട്ടുള്ള കുടുംബശ്രീ അംഗങ്ങളായ 387 പേരുടെ 229 കുട്ടികൾക്ക് (ഒരാളുടെ 2 കുട്ടികൾക്ക്) 9-ാം ക്ലാസ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 1200 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

# പിറവം നഗരസഭ – കേന്ദ്രാവിഷ്കൃത പദ്ധതി

# ദേശീയനഗര ഉപജീവന മിഷൻ (NULM)

കുടുംബശ്രീയുടെ നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ (NULM). 2016 നവംബർ മുതലാണ് എല്ലാ നഗരസഭകളിലും ഈ പദ്ധതി നിലവിൽ വന്നത്.

## ദേശീയ നഗര ഉപജീവന മിഷൻ (NULM) വഴി ലഭ്യമാകുന്ന സേവനങ്ങൾ

### സാമൂഹ്യസംഘാടനവും സ്ഥാപന വികസനവും

### അയൽക്കൂട്ട രൂപീകരണവും പുനരുജ്ജീവനവും

- നഗരസഭകളിൽ മുഖ്യമായും 1 ലക്ഷത്തിൽ താഴെ വരുമാനമുള്ള കുടുംബങ്ങളെ കണ്ടെത്തി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നു.
- പ്രവർത്തനക്ഷമമല്ലാത്ത അയൽക്കൂട്ടങ്ങളെ കണ്ടെത്തി അവയെ പുനരുജ്ജീവിപ്പിക്കുന്നു. അവർക്ക് വേണ്ട വിഭിന്നങ്ങളായ പിന്തുണകൾ നൽകുന്നു.
- 6 മാസം പൂർത്തിയാക്കിയ അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗ് നടത്തി ബാങ്കുമായി ലിങ്ക് ചെയ്യിപ്പിച്ച് വായ്പകൾ ലഭ്യമാക്കുന്നു.
- ഈ വായ്പകൾക്ക് പലിശ സബ്സിഡി NULM വഴി നൽകുന്നു.
- കൂടാതെ അയൽക്കൂട്ടങ്ങൾക്ക് 10000/- രൂപ റിവോൾവിംഗ് ഫണ്ട് നൽകിവരുന്നു.
- എ.ഡി.എസ്. കൾക്ക് ഓരോ വാർഡിലേക്കും 50000/- രൂപ റിവോൾവിംഗ് ഫണ്ട് നൽകിവരുന്നു.

### സ്വയം തൊഴിൽ പദ്ധതി (SEP)

- NULM വഴി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ പലിശ സബ്സിഡി വ്യവസ്ഥയിൽ ബാങ്കുകളുമായി സഹകരിച്ച് ലോണുകൾ നൽകുന്നു.
- വ്യക്തിഗത- ഗ്രൂപ്പ് സംരംഭങ്ങൾക്ക് ലോണുകൾ നൽകിവരുന്നു.
- ബാങ്ക് പലിശയുടെ 7% കഴിഞ്ഞു വരുന്ന തുകയാണ് സബ്സിഡിയായി തിരിച്ചു നൽകുന്നത്.
- അപേക്ഷകളും മറ്റു വിശദാംശങ്ങളും കുടുംബശ്രീ ഓഫീസിൽ ലഭ്യമാണ്.

### നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും (ESTP)

- സ്വയം തൊഴിൽ ചെയ്യുന്നതിനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനും ഉതകുന്ന രീതിയിൽ ഉള്ള വിവിധങ്ങളായ നൈപുണ്യ കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകുന്നു.
- പരിശീലനം പൂർത്തിയാക്കുന്നവർക്ക് 70% തൊഴിൽ ഉറപ്പാക്കുന്നു.
- കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- രജിസ്ട്രാർ ചെയ്യുന്നതിനായി കുടുംബശ്രീ ഓഫീസിലെ NULM വിഭാഗവുമായി ബന്ധപ്പെടുക.

## തെരുവോര കച്ചവടക്കാർക്കായുള്ള പദ്ധതി (SUSV)

- നഗരസഭ പരിധിയിൽ തെരുവോര കച്ചവടം നടത്തി വരുന്നവരെ സർവ്വേയിലൂടെ കണ്ടെത്തുന്നു.
- തെരുവോര കച്ചവടക്കാരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി അവർക്കു വേണ്ടിയുള്ള പരിശീലനങ്ങൾ നൽകുന്നു.
- തെരുവ് കച്ചവടക്കാരുടെ രജിസ്ട്രേഷൻ, അവർക്ക് തിരിച്ചറിയൽ കാർഡ്, ലൈസൻസ് തുടങ്ങിയവ നൽകുന്നു.
- സംരംഭ വികസനത്തിനായി വിവിധ ലോണുകൾ നൽകുന്നു.
- തെരുവ് കച്ചവടക്കാരുടെ പുനരധിവാസത്തിനായി വെൻഡിങ് സോണുകൾ നിർമ്മിക്കുന്നു.

## ഭവന രഹിതർക്കുള്ള അഭയകേന്ദ്രങ്ങൾ സ്ഥാപിക്കൽ

- ഈ പദ്ധതി പ്രകാരം നഗരസഭ പരിധിയിൽ ഭവനമില്ലാതെ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവരെ സർവ്വേയിലൂടെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നു.
- മറ്റ് അവശ്യസേവനങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അവരെ സാമൂഹ്യസുരക്ഷാപദ്ധതികളിൽ കണ്ണി ചേർപ്പിക്കുകയും ചെയ്യും.

## നൂതന ആശയ സവിശേഷ പദ്ധതികൾ

- നൂതന ആശയങ്ങളോടുകൂടിയ പുത്തൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് ഈ പദ്ധതി ശ്രദ്ധ വയ്ക്കുന്നു.
- ഈ ഘടകത്തിനു കീഴിൽ വരുന്ന പദ്ധതികളുടെ ചെലവ് മുഴുവനും കേന്ദ്ര സഹായമായി നൽകുന്നു.
- നൂതന ആശയ സംരംഭങ്ങൾ തുടങ്ങുന്നതിന് ഈ പദ്ധതി മുഖേന സഹായം ലഭിക്കുന്നു.

# സംയോജിക ശിശു വികസന സേവനപദ്ധതികൾ (ICDS)

**ഐ.സി.ഡി.എസ്. പ്രാജക്ട് ഓഫീസ് : പാമ്പാക്കുട ബ്ലോക്ക്**

**ഫോൺ നമ്പർ** : 0485 2274404

**പ്രവർത്തന മേഖല** : പാമ്പാക്കുട, ഇലഞ്ഞി, രാമമംഗലം, തിരുമാറാടി പഞ്ചായത്തുകളും കൂത്താട്ടുകുളം, പിറവം മുനിസിപ്പാലിറ്റിയും

ആഫീസ് പ്രവർത്തന സമയം: 10 AM to 5 PM

## ഐ.സി.ഡി.എസ്. ചരിത്രം

1975 ഒക്ടോബർ മാസം 2-ാം തീയതി വേങ്ങര എന്ന ബ്ലോക്കിൽ തുടക്കംകുറിച്ച് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.). സമഗ്ര മാതൃശിശു സംരക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടി വിവിധ സേവനങ്ങൾ പ്രാദേശിക തലത്തിൽ അങ്കണവാടികളിലൂടെ ലഭ്യമാകുന്നു. പാമ്പാക്കുട ഐ.സി.ഡി.എസ്. പ്രൊജക്ടിന്റെ കീഴിൽ പിറവം മുനിസിപ്പാലിറ്റിയുടെ വിവിധ വാർഡുകളിലായി 24 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു.

മുനിസിപ്പാലിറ്റി അംഗൻവാടി സെന്ററുകൾ : 24

അംഗൻവാടികളുടെ പ്രവർത്തന സമയം : 9.30 AM to 3.30 PM

ഒരു കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽ കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഐ.സി.ഡി.എസ്. പദ്ധതി പ്രവർത്തനം സംസ്ഥാനതലത്തിൽ ഡയറക്ടറുടെ ചുമതലയിലും ജില്ലാതലത്തിൽ സാമൂഹ്യക്ഷേമ ആഫീസറുടെയും ജില്ലാ പ്രോഗ്രാം ആഫീസറുടെയും ചുമതലയിലും ബ്ലോക്ക് തലത്തിൽ ശിശുവികസന പദ്ധതി ആഫീസറുടേയും ചുമതലയിലാണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നത് അതാത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരാണ്. അംഗൻവാടി തലത്തിലുള്ള ചുമതല അംഗൻവാടി വർക്കറുടെയും ഹെൽപ്പറുടെയും ചുമതലയിൽ നിക്ഷിപ്തമാണ്.

## ഐ.സി.ഡി.എസ്. - ന്റെ ഉദ്ദേശലക്ഷ്യങ്ങൾ

മുഴുവൻ കുഞ്ഞുങ്ങൾക്കും ആരോഗ്യവും സന്തോഷവും സംരക്ഷണവും സുരക്ഷയും പ്രദാനം ചെയ്ത്

1) 0-6 വയസ്സ് വരെയുള്ള കുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുക.
2) കുട്ടികളുടെ ശാരീരികവും, മാനസികവുമായ വികസനത്തിന് അടിത്തറ പാകുക.
3) രോഗാതുരത, മരണനിരക്ക്, പോഷകക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവ കുറയ്ക്കുക.
4) ശിശു സംരംക്ഷണത്തിനായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
5) കുഞ്ഞിന്റെ ആരോഗ്യ പോഷണ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്ന രീതിയിൽ അമ്മമാരുടെ ശേഷി വർദ്ധിപ്പിക്കുക.

**പാമ്പാക്കുട ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പ്രവർത്തന മേഖലയിലെ ജനസംഖ്യ വിവരങ്ങൾ**

**ആകെ ജനസംഖ്യ – 28,472 0–6 കുട്ടികൾ – 1260 ആൺ – 658 പെൺ – 602**

**ഐ.സി.ഡി.എസ്. ഉപഭോക്താക്കളുടെ കണക്ക്**

6 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ – 100%

**അംഗൻവാടികളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ**

പോഷകാഹാര പരിപാടി : സമയം 3.30 PM

പ്രതിവർഷം 300 പ്രവർത്തി ദിവസം ഭക്ഷണം

06 മാസം മുതൽ മൂന്ന് വയസ്സ് : കുടുംബശ്രീ തയ്യാറാക്കുന്ന ന്യൂട്രീ ഭക്ഷ്യധാന്യം ദിവസം 125 ഗ്രാം നിരക്കിൽ ആദ്യം 15 ദിവസത്തേക്ക് പിന്നീട് 10 ദിവസത്തേക്കും വീടുകളിൽ കൊടുത്തയക്കുന്നു.

പോഷകമൂല്യം : 500 കലോറി ഊർജ്ജം 20–25 ഗ്രാം പ്രോട്ടീൻ

**പ്രീസ്കൂൾ കുട്ടികൾ**

| | | |
|---|---|---|
| (a) മോർണിംഗ് സ്നാക്സ്: 11 am | തിങ്കൾ, ചൊവ്വ | **ന്യൂട്രിമിക്സ്, നിലലഡു** |
| | | ന്യൂട്രിമിക്സ് : 25 ഗ്രാം, ശർക്കര : 10ഗ്രാം |
| | | നിലക്കടല : 5 ഗ്രാം |
| | ബുധൻ, വ്യാഴം | **അവൽ ലഡു** |
| | | അവൽ : 25 ഗ്രാം, ശർക്കര : 10ഗ്രാം |
| | വെള്ളി, ശനി | **കപ്പലണ്ടി മിഠായി** |
| | | നിലക്കടല : 25 ഗ്രാം, ശർക്കര : 10ഗ്രാം |
| (b) നൂൺ ഫീഡിംഗ്: 12.30 pm | കഞ്ഞി | അരി : 50 ഗ്രാം, ചെറുപയർ : 15 ഗ്രാം |
| | | പച്ചക്കറി : 15 ഗ്രാം, തോരൻ |

(c) ജനറൽ ഫീഡിംഗ് : 3.30 pm താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ ഏതെങ്കിലും ഒന്ന് മാറി മാറി വിതരണം നടത്തുന്നു.

(a) ഗോതമ്പ് ഉപ്പുമാവ് : ഗോതമ്പ്: 65 ഗ്രാം, എണ്ണ: 8 ഗ്രാം, ഉഴുന്ന് പരിപ്പ് : 8 ഗ്രാം

പച്ചക്കറി : 10 ഗ്രാം

(b) റവ ഉപ്പ്മാവ് : റവ : 65 ഗ്രാം, എണ്ണ: 8 ഗ്രാം, ഉഴുന്ന് പരിപ്പ് : 8 ഗ്രാം,

പച്ചക്കറി : 10ഗ്രാം

(c) അവൽ വിളയിച്ചത് : അവൽ : 65 ഗ്രാം, ശർക്കര: 25 ഗ്രാം, നിലക്കടല : 5 ഗ്രാം, തേങ്ങ: 5 ഗ്രാം

(d) ഗോതമ്പ് പായസം : ഗോതമ്പ്: 65 ഗ്രാം, ശർക്കര: 25 ഗ്രാം, തേങ്ങ: 10 ഗ്രാം

(e) ചെറുപയർ വിളയിച്ചത്: ചെറുപയർ: 50 ഗ്രാം, ശർക്കര: 25 ഗ്രാം, തേങ്ങ: 10 ഗ്രാം

**പോഷക മൂല്യം :** പ്രതിദിനം 500 കലോറി ഊർജ്ജം. 18-20 ഗ്രാം പ്രോട്ടീൻ

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, പ്രീസ്കൂൾ കുട്ടികളുടെ ജനറൽ ഫീഡിംഗിന് നല്കുന്ന ഇനങ്ങൾ ഇരട്ടി അളവിൽ വിതരണം നടത്തുന്നു.

**പോഷക മൂല്യം :** പ്രതിദിനം 600 കലോറി ഊർജ്ജം, 18-20 ഗ്രാം പ്രോട്ടീൻ, ഗുരുതര പോഷകക്കുറവ് ഉള്ളവർക്ക് ഇരട്ടി റേഷൻ.

**പോഷക മൂല്യം :** പ്രതിദിനം 800 കലോറി ഊർജ്ജം, 20-25 ഗ്രാം പ്രോട്ടീൻ

മുകളിൽ കൊടുത്തിട്ടുള്ള പോഷകാഹാര പരിപാടികളുടെ ഗുണഭോക്താക്കളാകുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ

6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ

അംഗൻവാടികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രസ്തുത പ്രായത്തിലുള്ള എല്ലാ കുഞ്ഞുങ്ങൾക്കും ലഭ്യമാണ്.

3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികൾ (പ്രീസ്കൂൾ)

അംഗൻവാടികളിൽ ഹാജരാകുന്ന പ്രീസ്കൂൾ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ
2. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർ
3. കർഷക തൊഴിലാളികൾ
4. അപകട സാധ്യതയുള്ളവർ
5. പോഷക ദാരിദ്ര്യം ഉണ്ടെന്ന് ആരോഗ്യ വകുപ്പ് സാക്ഷ്യപ്പെടുത്തുന്നവർ

**കൗമാരക്കാരായ പെൺകുട്ടികൾ (10-19 വയസ്സ്)**

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ
2. ബോഡിമാസ് ഇന്റക്സ് 17.5-ൽ താഴെയുള്ളവർ

4. അപകട സാധ്യതയുള്ളവർ
5. പോഷക ദാരിദ്ര്യമുള്ളവർ

## വളർച്ചാ നിരീക്ഷണം

ഗുരുതരമായ പോഷണ വൈകല്യമുള്ള, കുട്ടികൾ - ആഴ്ചയിൽ ഒരിക്കൽ 3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ - മാസത്തിൽ ഒരിക്കൽ. 3 വയസ്സിനും 5 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾ മൂന്നു മാസത്തിൽ ഒരിക്കൽ കൗമാരക്കാരായ പെൺകുട്ടികൾ - ആറ് മാസത്തിൽ ഒരിക്കൽ

## ആരോഗ്യ രക്ഷാസേവനങ്ങൾ

(1) പ്രതിരോധ കുത്തിവെയ്പ്പുകൾ - സബ്സെന്റർ / PHC വഴി

(2) ആരോഗ്യ പരിശോധന / പരാമർശ സേവനങ്ങൾ JPHN ന്റെ സേവനം എല്ലാ മാസവും, മെഡിക്കൽ ഓഫീസറുടെ - 3 മാസത്തിൽ ഒരിക്കൽ.

(3) ചെറിയ രോഗങ്ങൾക്കുള്ള മരുന്ന്

1. പാരസെറ്റമോൾ ഗുളിക

2. പാരസെറ്റമോൾ സിറപ്പ്

3. ആൽബെൻ്റസോൾ ടാബ്‌ലെറ്റ്

4. പ്രൊവിഡോൺ അയഡിൽ

(4) ആരോഗ്യ പോഷണ വിദ്യാഭ്യാസം
(മാസത്തിൽ ഒരിക്കൽ കൗമാരക്കാരായ പെൺകുട്ടികൾക്ക്, അമ്മമാർക്ക്)

## പ്രീസ്കൂൾ വിദ്യാഭ്യാസം

3 വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികൾ, തീമാറ്റിക് അപ്രോച്ച് പ്രകാരം പ്രീസ്കൂൾ വിദ്യാഭ്യാസം എല്ലാ പ്രവൃത്തി ദിവസവും രാവിലെ 9.30 മുതൽ 3.30 വരെ.

**പ്രീസ്കൂൾ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ**

1. ശാരീരിക ചാലക വികാസം

2. ഭാഷാ വികാസം

3. വൈജ്ഞാനിക വികാസം

4. സാമൂഹിക വികാസം

5. വൈകാരിക വികാസം

കുഞ്ഞിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് ശരിയായ അടിത്തറ പാകുന്നു.

ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നു.

കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള സേവനങ്ങൾ

**വെൽഫെയർ കമ്മറ്റി**

അംഗൻവാടിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വാർഡ് മെമ്പർ ചെയർമാനും വർക്കർ കൺവീനറുമായി ഗുണഭോക്താക്കളുടെ പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, ICDS സൂപ്പർവൈസർ, JPHN എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുന്നതാണ്.

നഗരസഭാ തലത്തിൽ താഴെപറയുന്ന പെൻഷൻ അപേക്ഷകൾ ICDS സൂപ്പർവൈസർമാർ അന്വേഷണം നടത്തി നഗരസഭാ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു.

1. വിധവ പെൻഷൻ അപേക്ഷ.

2. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ.

3. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം അപേക്ഷ.

ജില്ലാ തലത്തിൽ സാമൂഹ്യക്ഷേമ ആഫീസുകളുടെ ഫോൺ നമ്പറുകൾ

ജില്ലാ സാമൂഹിക ക്ഷേമ ആഫീസ്, എറണാകുളം : 0484 – 242537

ജില്ലാ പ്രോഗ്രാം ആഫീസ്, എറണാകുളം : 0484 – 2423934

## പട്ടികജാതി വികസന ഓഫീസ് – പാമ്പാക്കുട ബ്ലോക്ക് – ഫോൺ: 8547630096

| ക്രമ നം. | സേവനങ്ങൾ | നിശ്ചിത സമയപരിധി | സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | ലാംപ്സംഗ്രാന്റ് (പ്രീമെട്രിക് SC) | സ്കൂൾ തുറന്ന് 15 ദിവസത്തിനകം | ജാതി സർട്ടിഫിക്കറ്റ് (സ്കൂൾ മുഖേന) |
| 2 | പാരലൽകോളേജ് വിദ്യാഭ്യാസ ആനുകൂല്യം | അപേക്ഷയും അനുബന്ധ രേഖകളും സ്ഥാപനത്തിൽ നിന്നും ലഭിച്ച് 15 ദിവസത്തിനകം | ജാതി, വരുമാനം, അറ്റൻൻസ് സർട്ടിഫിക്കറ്റ്, മുൻവർഷത്തെ മാർക്ക്ലിസ്റ്റ്, നടപ്പു വർഷത്തെ ഹാൾടിക്കറ്റ്. |
| 3 | വിവാഹ ധനസഹായം | അപേക്ഷകൾ ലഭിച്ച് 15 ദിവസത്തിനകം | അപേക്ഷകന്റെ (പെൺകുട്ടിയുടെ രക്ഷിതാവ്) ജാതി, വരുമാനം, വിവാഹരജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവ. |
| 4 | മിശ്രവിവാഹ ധനസഹായം (ഒരാൾ എസ്.സി. ആയിരിക്കണം) | അപേക്ഷകൾ ലഭിച്ച് 15 ദിവസത്തിനകം | ദമ്പതിമാരുടെ (രണ്ടുപേരുടെയും) ജാതി സർട്ടിഫിക്കറ്റുകൾ, വരുമാന സർട്ടിഫിക്കറ്റുകൾ, മിശ്ര വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കോ-ലിവിംഗ് സർട്ടിഫിക്കറ്റ് തുടങ്ങിയവ |
| 5 | ഭൂരഹിത ധന സഹായം (SC) | സ്ഥലം രജിസ്റ്റർ ചെയ്ത് പ്രമാണം ഹാജരാക്കുന്ന മുറയ്ക്ക് | ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഭാര്യ/ഭർത്താവ് പേരിൽ സ്വന്തമായി ഭൂമിയില്ലായെന്നും, രണ്ടു പേർക്കും കുടുംബ ഓഹരിയായി ഭൂമി ലഭിക്കാനില്ലായെന്നുമുള്ള റവന്യു അധികാരി കളുടെ സർട്ടിഫിക്കറ്റുകൾ, ഗ്രാമ/ബ്ലോക്ക്/ മുനിസിപ്പാലിറ്റി സെക്രട്ടറിമാരിൽ നിന്നും ടി ആനുകൂല്യം ഇതിനു മുമ്പു ലഭിച്ചിട്ടില്ലായെന്നുമുള്ള സർട്ടിഫിക്കറ്റുകൾ, വസ്തുവിന്റെ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, അസ്സൽ പ്രമാണം തുടങ്ങിയവ |
| 6 | ഭവന പുനരുദ്ധാരണം ധനസഹായം (SC) | അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് | അപേക്ഷകന്റെ ജാതി,വരുമാനം,വീടിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റുകൾ, മുമ്പ് ധനസഹായം ലഭിച്ചിട്ടില്ലെന്ന ഗ്രാമ/ബ്ലോക്ക്/ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ സാക്ഷ്യപത്രം, വീടിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് തുടങ്ങിയവ. |
| 7 | വീട് അറ്റകുറ്റപണി അഡീഷണൽ റൂം നിർമ്മാണം (SC) | അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് | അപേക്ഷകന്റെ ജാതി, വരുമാനം, വീടിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റുകൾ, മുൻപ് ധനസഹായം ലഭിച്ചിട്ടില്ലെന്ന ഗ്രാമ/ബ്ലോക്ക്/ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ സാക്ഷ്യപത്രം, വീടിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് തുടങ്ങിയവ. |
| 8 | പ്രോത്സാഹന സമ്മാനം (SC) | അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് | വിദ്യാർത്ഥിയുടെ ജാതി, പൊതു പരീക്ഷയിൽ വിജയിച്ച മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, SSLC, +2 സർട്ടിഫിക്കറ്റ് തുടങ്ങിയവ. |
| 9 | ചികിത്സാ ധനസഹായം (SC) | അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് | (മാരക/ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള വർക്ക്) ജാതി, വരുമാനം, ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ |
| 10 | പ്രൈമറി എഡ്യുക്കേഷൻ എയ്ഡ് (SC) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് (സ്കൂൾ മുഖേന) | ഒന്നാം ക്ലാസു മുതൽ നാലാം ക്ലാസ് വരെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠനം നടത്തി വരുന്ന SC വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിനും പഠനത്തിനുമായി തുക അനുവദിക്കുന്നു. |

# പിറവം താലൂക്ക് ആശുപത്രി

പിറവം താലൂക്കാശുപത്രി 1957 മുതൽ ആഴ്ചയിൽ ഒരിക്കൽ എന്ന രീതിയിൽ പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രമായും G.O.(MS) 4/88 H2 FWD Dt. 06/01/88 നമ്പർ പ്രകാരം 01-01-1990 ൽ സാമൂഹിക ആരോഗ്യ കേന്ദ്രമായും തുടർന്ന് G.O.(MS) 53/2009/Hd FWD/Dt.26/02/2009 നമ്പർ പ്രകാരം താലൂക്കാശുപത്രിയായും ഉയർത്തി.

പിറവം നഗരസഭയുടെ കീഴിൽ ശുശ്രൂഷ രംഗത്ത് നല്ല രീതിയിൽ മികവ് പുലർത്തുന്ന ഒരു സ്ഥാപനമാണ് പിറവം താലൂക്ക് ആശുപത്രി. ഈ ആശുപത്രിയിൽ അനുവദിച്ചിരിക്കുന്ന കിടക്കകളുടെ എണ്ണം 93 ആണ്. പിറവത്തിന് ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ മുനിസിപ്പൽ നിവാസികൾ ഉൾപ്പെടെ സമീപ പ്രദേശങ്ങളായ ഇലഞ്ഞി, പാമ്പാക്കുട, മണീട്, രാമമംഗലം, എടയ്ക്കാട്ടുവയൽ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും അനേകം നിർദ്ധന രോഗികളും പ്രതിരോധ വാക്സിനേഷനായുള്ള കുട്ടികളും ദിവസേന അടിയന്തിര ചികിത്സ ഉൾപ്പെടെ ഒ.പി., ഐ.പി. സേവനങ്ങൾക്കും ഈ സ്ഥാപനത്തെ ആശ്രയിക്കുന്നു. കടാതെ നമ്മുടെ അടുത്ത ജില്ലയായ കോട്ടയത്തിന്റെ പ്രാന്തപ്രദേശങ്ങളായ പെരുവ, മുളക്കുളം, വെള്ളൂർ, കാരിക്കോട്, അവർമ എന്നീ സ്ഥലങ്ങളിൽ നിന്ന് പോലും അനേകം രോഗികൾ ഈ ആശുപത്രിയെ ആശ്രയിക്കുന്നുണ്ട്.

**ആശുപത്രിയിൽ ലഭ്യമാകുന്ന സേവനങ്ങൾ**

1. ഔട്ട് പേഷ്യന്റ് വിഭാഗം
2. സ്പെഷ്യാലിറ്റി വിഭാഗം
    1. ജനറൽ മെഡിസിൻ
    2. ചെവി, മൂക്ക്, തൊണ്ട വിഭാഗം
    3. നേത്രരോഗ വിഭാഗം
    4. ഓർത്തോ വിഭാഗം
    5. പീഡിയാട്രിക് വിഭാഗം
3. ജനറൽ ഒ. പി.
4. അത്യാഹിത വിഭാഗം- 24 മണിക്കൂറും പ്രവർത്തിക്കുന്നു
5. ഡയാലിസിസ് വിഭാഗം
6. ദന്തരോഗ വിഭാഗം
7. പെയിൻ & പാലിയേറ്റീവ് വിഭാഗം, അനുബന്ധ സേവന സൗകര്യങ്ങൾ
8. കുടുംബാസൂത്രണ വിഭാഗം
9. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ് എല്ലാ ബുധനാഴ്ചയും രാവിലെ 9.30 മുതൽ 12.30 വരെ
10. ജ്യോതിസ് /ഐ.സി.ടി.സി.
11. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി
12. ടി.ബി. ചികിത്സാ പദ്ധതി
13. മാനസികാരോഗ്യ ക്ലിനിക് - എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച 10 മണിമുതൽ 1 വരെ
14. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള സൗജന്യ ചകിത്സാ പദ്ധതി (R.B.S.K. /AK)

15. റേഡിയോളജി വിഭാഗം - ഡിജിറ്റൽ എക്സ് റേ - രാവിലെ 9 മുതൽ വൈകിട്ട് 5 വരെ
16. ഇ.സി.ജി. - 24 മണിക്കൂറും ലഭ്യമാണ്.
17. പേവിഷ ബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്
18. ലബോറട്ടറി എല്ലാ ദിവസവും രാവിലെ 8 മണിമുതൽ വൈകിട്ട് 6 മണി വരെ
19. 24 മണിക്കൂർ ആംബുലൻസ് സൗകര്യം ലഭ്യമാണ്
20. പോസ്റ്റ്മോർട്ടം സൗകര്യം - രാവിലെ 8 മുതൽ വൈകിട്ട് 4 വരെ
21. മോർച്ചറി സൗകര്യം - 24 മണിക്കൂറും

**ഗർഭിണികൾക്കുള്ള ക്ലിനിക്**

ഗർഭിണികൾക്കുള്ള ടെറ്റനസ് വാക്സിനേഷൻ മറ്റു ആവശ്യ മരുന്നുകൾ പരിശോധനകൾ എന്നിവ ഈ ക്ലിനിക്കിൽ സൗജന്യമായി നടന്നുവരുന്നു. എല്ലാ തിങ്കളാഴ്ചയും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ ഈ ക്ലിനിക് പ്രവർത്തിക്കുന്നു.

**കുടുംബാസൂത്രണ വിഭാഗം**

സ്ത്രീകൾക്കുള്ള താത്കാലിക കുടുംബാസൂത്രണ മാർഗ്ഗമായ IUD സേവനം ലഭ്യമാണ്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് ജെ.പി.എച്ച്.എൻ. / ആശയുമായി ബന്ധപ്പെടേണ്ടതാണ്.

**ക്ലിനിക്കൽ ലാബോറട്ടറി**

എല്ലാ ദിവസവും രാവിലെ 8 മുതൽ വൈകിട്ട് 4 വരെ പ്രവർത്തിക്കുന്നു. താഴെ പറയുന്ന വിവിധ ടെസ്റ്റുകൾ എച്ച്.എം.സി. അംഗീകൃത നിരക്കിൽ ചെയ്തുവരുന്നു. ലാബ് നിരക്കുകൾ എച്ച്.എം.സി. തീരുമാനത്തിന് വിധേയമാണ്.

| TEST | RATE | TEST | RATE | TEST | RATE |
|---|---|---|---|---|---|
| Blood Sugar | 15/- | Calcium | 40/- | Platelet Count | 20/- |
| Total Cholesterol | 40/- | Phosphorous | 40/- | ESR | 20/- |
| Triglyveride | 40/- | **Card Test** | | Complete Blood Count (CBC) | 60/- |
| Lipid Profile | 200/- | Dengue NS1 | 250/- | Blood R E | 60/- |
| Blood Urea | 40/- | Dengue Igm | 250/- | PCV | 20/- |
| Serum Creatine | 40/- | Lepto Igm | 250/- | MCV | 20/- |
| Uric Acid | 40/- | HB1Ag | 50/- | MCH | 20/- |
| SGOT | 40/- | HCV | 100/- | MCHC | 20/- |
| SGPT | 40/- | Urine Routine | 20/- | RBC Count | 20/- |
| Bilirubin T & D | 40/- | Urine Acetone | 20/- | **Additional Test** | |
| ALP | 40/- | Urine Albimin | 10/- | D Dimer | 600/- |
| Albumin | 40/- | Urine Sugar | 10/- | CRP | 100/- |
| Globulin | 80/- | UPT | 50/- | HbA1C | 200/- |
| Total Protein | 40/- | **HEAMATOLOGY** | | | |
| A/G Ratio | 80/- | Hb [Heamoglobin] | 10/- | | |
| RFT | 70/- | TC | 20/- | | |
| LFT | 250/- | DC | 20/- | | |

**പാലിയേറ്റീവ് പരിചരണവിഭാഗം**

പ്രൈമറി സെക്കണ്ടറിതല പാലിയേറ്റീവ് പരിചരണ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസവും ഈ യൂണിറ്റിന്റെ സേവനം ലഭ്യമാണ്. പ്രൈമറി – സെക്കണ്ടറിതല ഹോം കെയർ ആഴ്ചയിൽ 4 ദിവസം വീതം നൽകിവരുന്നു. കൂടാതെ എല്ലാ വെള്ളിയാഴ്ചയും പാലി യേറ്റീവ് ഒ.പി. സേവനവും ലഭ്യമാണ്. ക്യാൻസർ, ഹൃദയം, വൃക്ക സംബന്ധമായ ദീർഘകാല അസു ഖങ്ങൾ, അപകടങ്ങൾ മൂലം കിടപ്പിലായവർ എന്നിവർക്ക് ആവശ്യമുള്ള മെഡിക്കൽ സഹായങ്ങൾ വീടുകളിൽ ചെന്ന് നൽകിവരുന്നു. അതോടൊപ്പം ദിവസേന കെയർ ആവശ്യമുള്ള രോഗികളുടെ ബന്ധുക്കൾക്ക് പരിചരണം നൽകുന്നതിനുള്ള പരിശീലനവും നൽകുന്നു.

**ഐ.സി.ടി.സി. (ICTC) ജ്യോതിസ്**

HIV/AIDS പരിശോധനയും കൗൺസിലിംഗും ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ 4 വരെ നൽകിവരുന്നു. NABL (National Accreditation Board for Lab) Approved.

**കാരുണ്യ സുരക്ഷാപദ്ധതി (KASP)**

കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുടുംബത്തിന് വർഷം 5,00,000 രൂപ വരെ ചികിത്സാ സഹായം കാരുണ്യ സുരക്ഷാപദ്ധതി ഉപയോഗിച്ച് നൽകിവരുന്നു. ഈ പദ്ധതി യിൽ അംഗമായിട്ടുള്ളവർക്ക് ഈ ആഴ്ചയിൽ അഡ്മിറ്റാകുമ്പോൾ മുതൽ ഡിസ്ചാർജ്ജ് ആകുന്ന തുവരെയുള്ള എല്ലാ ചികിത്സകളും ഡിസ്ചാർജ് ആകുമ്പോൾ 5 ദിവസത്തെ മരുന്നും സൗജന്യ മായി നൽകിവരുന്നു.

**മാനസിക ആരോഗ്യ ക്ലിനിക്ക്**

എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ നടത്തിവരുന്നു. ഈ ക്ലിനിക്കിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ സൈക്യാട്രിസ്റ്റ്, കൗൺസിലർ തുടങ്ങിയ വരുടെ സേവനവും ആവശ്യമായ മരുന്നുകളും ലഭ്യമാണ്.

**പരാതി പരിഹാര സംവിധാനം**

പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും പരിഹരിക്കുന്നതിനായി ആശുപത്രി, ഒ.പി., കാഷ്വാലിറ്റി എന്നിവിടങ്ങളിൽ പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. അടിയന്തിര പരിഹാരം ആവശ്യമുള്ള സാഹചര്യങ്ങളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറെ / ചാർജ്ജ് ഹെഡ് നേഴ്സിനെ അറിയിക്കാ വുന്നതാണ്. പരിഹാരം ഉണ്ടാക്കാത്ത പക്ഷം സൂപ്രണ്ടിനെ അറിയിക്കാവുന്നതാണ്.

**ഡയാലിസിസ് കെയർ യൂണിറ്റ്**

ഡയാലിസിസ് രോഗികൾക്ക് കുറഞ്ഞ ചിലവിൽ ഡയാലിസിസ് നൽകിവരുന്നു. നിലവിൽ എട്ട് പേർക്ക് ഒരേ സമയം ഡയാലിസിസ് നൽകാനുള്ള സംവിധാനമുള്ള ഇവിടെ രണ്ട് ഷിഫ്റ്റുകളിലായി ദിനംപ്രതി പതിനഞ്ചോളം രോഗികൾക്ക് ഡയാലിസിസ് ചെയ്തുവരുന്നു. ഇവിടെ ഡയാലിസിസ് ചെയ്യുന്നതിന് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ മുൻഗണന അനുസരിച്ച് ഡയാലി സിസ് ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കുന്നതാണ്.

**രോഗികൾ പാലിക്കേണ്ട നിയമങ്ങൾ**

1. ആരോഗ്യ ഇൻഷുറൻസ് കാർഡ് ഉള്ളവർ ആ വിവരം അഡ്മിറ്റാകുമ്പോൾതന്നെ വാർഡിൽ അറിയിക്കുകയും ഉടൻതന്നെ ആരോഗ്യ ഇൻഷുറൻസ് കൗണ്ടറുമായി ബന്ധപ്പെടുകയും ചെയ്യുക.
2. ചികിത്സയുമായി ബന്ധപ്പെട്ട് ഡോക്ടർമാരുടെയും ഇതര ആരോഗ്യവിദഗ്ധരുടെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.
3. ആശുപത്രി ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിൽ തടസ്സമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
4. ആശുപത്രിയിൽ ഹരിതചട്ടം പാലിക്കുവാൻ ശ്രദ്ധിക്കുക.
5. ആശുപത്രിയിൽ പ്ലാസ്റ്റിക് കുപ്പികൾ, പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവയിൽ കുടിവെള്ളം, ഭക്ഷണം എന്നിവ കൊണ്ടുവരാൻ പാടുള്ളതല്ല.
6. ആശുപത്രി കോമ്പൗണ്ടിനുള്ളിൽ മദ്യം, മയക്കുമരുന്ന് എന്നിവ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു.
7. കുട്ടികൾ, വയോജനങ്ങൾ എന്നിവർ ആവശ്യമില്ലാതെ ആശുപത്രി സന്ദർശനം നടത്താതിരിക്കുക.
8. ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ സഹകരിക്കുക.

**രോഗിയുടെ അവകാശങ്ങൾ**

1. രോഗിയുടെ ആരോഗ്യ അവസ്ഥയ്ക്ക് അനുസൃതമായി ഏറ്റവും മെച്ചപ്പെട്ട ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കുക.
2. രോഗികൾക്കുള്ള ചികിത്സ തീരുമാനിക്കുന്ന ഡോക്ടറുടെ പേര്, ചികിത്സാ രീതി എന്നിവ അറിയുന്നതിനുള്ള അവകാശം.
3. രോഗിയുടെ നിലവിലെ രോഗാവസ്ഥ, നൽകുന്ന ചികിത്സ, ചികിത്സയുടെ അനന്തരഫലം എന്നിവ അറിയുവാനും സംശയങ്ങൾ ദുരീകരിക്കുവാനുമുള്ള അവകാശം
4. അഡ്മിറ്റാകുമ്പോഴും തുടർന്നും ഉണ്ടാകാവുന്ന ചിലവുകൾ അറിയുന്നതിനുള്ള അവകാശം.

**വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടിക്രമം**

ജനനസർട്ടിഫിക്കറ്റിൽ മാതാവിന്റെ പേര്, പിതാവിന്റെ പേര്, മേൽവിലാസം എന്നിവ തിരുത്തുന്നതിന് സൂപ്രണ്ടിന് വെള്ളപേപ്പറിൽ അപേക്ഷ നൽകുക.

ശരിയായ പേര് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നീ രേഖകൾ ഓഫീസിൽ ഹാജരാക്കിയാൽ 10 ദിവസത്തിനകം നടപടിക്രമങ്ങൾ പൂർത്തീകരിച്ചു മുനിസിപ്പാലിറ്റി വഴി പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

മരണ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത്/തെറ്റ് തിരുത്തുന്നതിന് ആശുപത്രിയിൽ എത്തിച്ചശേഷം മരണപ്പെടുന്ന ആളുടെ മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മരിച്ച ആളുടെ ആധാർ കാർഡിന്റെ കോപ്പി, അടുത്ത ആശ്രിതന്റെ ആധാർകാർഡിന്റെ കോപ്പി എന്നിവ ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക്

ഓഫീസ് നടപടിക്രമം പൂർത്തിയാക്കി മുനിസിപ്പാലിറ്റി മുഖേന ലഭ്യമാക്കുന്നതാണ്.

സർട്ടിഫിക്കറ്റിൽ തെറ്റ് തിരുത്തുന്നതിന് സൂപ്രണ്ടിന് വെള്ളപേപ്പറിൽ അപേക്ഷ നൽകുക. ശരിയായ പേര് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതാണ്.

വൂണ്ട് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ പരിചയമുള്ള പോലീസ് സ്റ്റേഷൻ വഴി ആശുപത്രി ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതായിരിക്കും.

വൂണ്ട് സർട്ടിഫിക്കറ്റിന്റെ കോപ്പി കേസിനാസ്പദമായ വ്യക്തി നേരിട്ട് ആശുപത്രി സൂപ്രണ്ടിന് അപേക്ഷ നൽകുന്ന മുറയ്ക്ക് ആശുപത്രിയിൽ നിന്നും നൽകുന്നതാണ്.

ആശുപത്രിയിൽ വച്ച് നടക്കുന്ന പോസ്റ്റ്മോർട്ടം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ അതാത് പോലീസ് സ്റ്റേഷൻ വഴി ഓഫീസിൽ നിന്നും കൈപ്പറ്റുന്നതായിരിക്കും.

മരണപ്പെട്ട വ്യക്തിയുടെ ആശ്രിതർക്ക് വൂണ്ട് സർട്ടിഫിക്കറ്റിന്റെ കോപ്പി ആവശ്യമുള്ള പക്ഷം ആശുപത്രി സൂപ്രണ്ടിന് നേരിട്ട് അപേക്ഷ നൽകി കൈപ്പറ്റാവുന്നതാണ്. ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തിയതിന് സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർ ആശുപത്രി സൂപ്രണ്ടിന് അപേക്ഷ നൽകി കൈപ്പറ്റാവുന്നതാണ്.

## ഗവ. ആയുർവേദ ആശുപത്രി, പാലച്ചുവട്

| ക്രമ നം. | ലഭ്യമാകുന്ന സേവനങ്ങൾ | പ്രസ്തുത സവനം ലഭിക്കുന്നതിനുള്ള നടപടി ക്രമം | അപേക്ഷ സമർപ്പിക്കേണ്ട അധികാരി | അപ്പീൽ അധികാരി | അപേക്ഷ യോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | ഫീസ് | സമയ പരിധി |
|---|---|---|---|---|---|---|---|
| 1 | എല്ലാവിധ രോഗ ങ്ങൾക്കും മരുന്നും വൈദ്യോപദേശവും കിടത്തിചികിത്സയും (50 ബെഡ് സൗകര്യമുള്ള പഞ്ചകർമ്മ ആശുപത്രി) | രോഗി നേരിൽ വന്ന് പേര് രജിസ്റ്റർ ചെയ്തതിന് ശേഷം | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | 5 രൂപ | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 2 | പാലിയേറ്റീവ് കെയർ യൂണിറ്റ് (സ്നേഹധാര പദ്ധ തിയിലുൾപ്പെടുത്തി കിടപ്പുരോഗികൾക്ക് ഗൃഹസന്ദർശനവും ചികിത്സയും സൗജന്യ ഔഷധങ്ങളും | ഗൃഹ സന്ദർശനം നടത്തി രോഗികളുടെയും ബന്ധുക്കളുടെയും സമ്മതപ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷം | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ആധാർ കാർഡ്, ഫോൺ നമ്പർ, വാർഡ് നമ്പർ | സൗജ ന്യം | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 3 | ജെറിയാട്രിക് കെയർ യൂണിറ്റ് (കിടത്തി ചികിത്സ യിലുള്ള 60 വയസ്സിന് മുകളിലു ള്ള രോഗികൾക്ക് സൗജന്യ ഔഷധ വും ചികിത്സയും | കിടത്തി ചികിത്സ യിലുള്ള 60 വയസ്സിന് മുകളി ൽ പ്രായമുള്ള വരുമാന പരിധി 1500/- ന് താഴെയു ള്ള രോഗികൾക്ക് | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | റേഷൻ കാർഡിന്റെ കോപ്പി | സൗജ ന്യം | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 4 | ശല്യതന്ത്രം യൂണിറ്റ് (അസ്ഥിസന്ധി രോഗങ്ങൾക്കും അർശോ-ഭഗന്ദര (Piles&Fistula) രോഗങ്ങൾക്കും ആയുർവേദ ശസ്ത്രക്രിയാ വിഭാഗം | രോഗി നേരിൽ വന്നു പേര് രജിസ്റ്റർ ചെയ്തതിന് ശേഷം | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | ചികിത്സ യ്ക്ക് അനുസൃ തമായി നിശ്ചിത നിരക്കി ലുള്ള ഫീസ് | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 5 | ഫിസിയോതെറാപ്പി യൂണിറ്റ് | രോഗി നേരിൽ വന്നു പേര് രജിസ്റ്റർ ചെയ്തതിന് ശേഷം | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | ചികിത്സ യ്ക്ക് അനുസൃ തമായി നിശ്ചിത നിരക്കി ലുള്ള ഫീസ് | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |

## ഗവ. ആയുർവേദ ആശുപത്രി, പാലച്ചുവട്

| ക്രമ നം. | ലഭ്യമാകുന്ന സേവനങ്ങൾ | പ്രസ്തുതസേവനം ലഭിക്കുന്നതിനുള്ള നടപടി ക്രമം | അപേക്ഷ സമർപ്പിക്കേണ്ട അധികാരി | അപ്പീൽ അധികാരി | അപേക്ഷ യോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | ഫീസ് | സമയ പരിധി |
|---|---|---|---|---|---|---|---|
| 6 | ലബോറട്ടറി (രക്തം, കഫം, മലം, മൂത്രം എന്നിവയുടെ എല്ലാവിധ പരിശോധനകളും നടത്തി റിപ്പോർട്ട് നൽകുന്നു) | ഡോക്ടറുടെ നിർദ്ദേശാനു സരണം | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | ഓരോ ടെസ്റ്റിനും അതാത് നിരക്കിലുള്ള ഫീസ് | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 7 | ആയുർരക്ഷാ ക്ലിനിക് (കോവിഡും കോവിഡ് പ്രതിരോധവും കോവിഡാനന്തര ചികിത്സയും) | രോഗിയുടെ സമ്മത പ്രകാരം രോഗിയുടെ ബന്ധുമിത്രാദികൾ വഴി രജിസ്ട്രേഷൻ | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | 5 രൂപ | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 8 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ഒ.പി. ടിക്കറ്റ് | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | സൗജന്യം | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 9 | പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | നിശ്ചിത മാതൃകയിലുള്ള അപേക്ഷ | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | സൗജന്യം | പേര് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ |
| 10 | ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് | ചികിത്സയിലുള്ള രോഗികൾക്ക് മാത്രം അപേക്ഷിക്കാം | മെഡിക്കൽ ഓഫീസർ | ചീഫ് മെഡിക്കൽ ഓഫീസർ | ഒ.പി. ടിക്കറ്റ് | സൗജന്യം | അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് |

## NHM ആയുർവേദ ഡിസ്പെൻസറി, കക്കാട്, പാഴൂർ

പിറവം നഗരസഭയിൽ കക്കാട്, പാഴൂർ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു. കക്കാട് ഡിസ്പെൻസറിയിൽ ആഴ്ചയിൽ ബുധനാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയും, പാഴൂർ ഡിസ്പെൻസറിയിൽ പൊതു അവധി ദിവസവും ബുധനാഴ്ചയും ഒഴികെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയും ചികിത്സാ സേവനങ്ങൾ നൽകിവരുന്നു.

## NHM ഹോമിയോ ഡിസ്പെൻസറി, കോട്ടപ്പുറം

പിറവം നഗരസഭയിൽ കോട്ടപ്പുറം പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഹോമിയോ ഡിസ്പെൻസറിയിൽ പൊതു അവധി ദിവസം ഒഴികെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെയും ചികിത്സാ സേവനങ്ങൾ നൽകി വരുന്നു.

## ഗവ.ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂൾ, പിറവം

പിറവം ഗവണ്മെന്റ് ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് നൽകൽ
2. ഡ്യുപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്കിനായുള്ള അപേക്ഷ സ്വീകരിക്കൽ

എന്നിവക്കായി പ്രധാന അദ്ധ്യാപകന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

| ക്രമ നം. | സേവനങ്ങൾ | നിശ്ചിത സമയപരിധി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് | 2 ദിവസത്തിനകം | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ |
| 2 | ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് | 2 ദിവസത്തിനകം | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ |
| 3 | ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | 2 ദിവസത്തിനകം | അപേക്ഷ |
| 4 | വിവരാവകാശ അപേക്ഷകൾക്ക് മറുപടി | 2 ദിവസത്തിനകം | ആവശ്യമായ ഫീസ് അടച്ചിട്ടുള്ള അപേക്ഷ |

## ഹയർസെക്കണ്ടറി കോഴ്സുകൾ

1) ഹോം സയൻസ് (55 സീറ്റ്)

2) കൊമേഴ്സ് വിത്ത് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (55 സീറ്റ്)

## ഗവ. ഹയർസെക്കണ്ടറി സ്കൂൾ നാമക്കുഴി

1915 ലാണ് സ്കൂൾ സ്ഥാപിതമാകുന്നത്. അർജ്ജുന അവാർഡ് ജേതാവായ ഏലമ്മയെ പോലുള്ള വനിതാ വോളിബോൾ താരങ്ങളെ സൃഷ്ടിച്ച കായിക പരമ്പര്യമുള്ള സ്കൂളാണ് ശതാബ്ദി പിന്നിട്ട നാമക്കുഴി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ. രണ്ട് ഏക്കറിലധികം വിസ്താരമുള്ള ഗ്രൗണ്ട് എറണാകുളം ജില്ലയിലെ തന്നെ വലിയ ഗ്രൗണ്ടുള്ള സ്കൂളെന്ന ഖ്യാതി സ്കൂളിന് ലഭ്യമാക്കുന്നു.

അഞ്ചാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ് വരെ ഇവിടെ അദ്ധ്യയനം നടക്കുന്നു. അഞ്ചു മുതൽ 10 വരെ ക്ലാസ്സുകളിലായി 58 വിദ്യാർത്ഥികൾ പഠിക്കുന്നു. പ്ലസ്ടു തലത്തിൽ 131 കുട്ടികളാണുള്ളത്. യു.പി. വിഭാഗത്തിൽ 3 അദ്ധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 5 അദ്ധ്യാപകരും ജോലി ചെയ്യുന്നു. സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും ഒരു കൗൺസിലറും, ബി.ആർ.സി.യിൽ നിന്നും ഒരു റിസോഴ്സ് ടീച്ചറും ഉണ്ട്. ഓഫീസിൽ ക്ലർക്ക്, ഓഫീസ് അസിസ്റ്റന്റ് എഫ്.റ്റി.എം. എന്നീ തസ്തികകൾ ഉണ്ട്. നിലവിൽ ഒരു ഓഫീസ് അസിസ്റ്റന്റ് മാത്രമേ ഉള്ളൂ. ശ്രീ. പ്രമോദ് ടി ആണ് ഹെഡ്മാസ്റ്റർ. പ്ലസ്ടുവിന് സയൻസ്, ഹ്യുമാനിറ്റീസ് എന്നിവയിൽ ഓരോ ബാച്ച് വീതമാണുള്ളത്. ബയോ-മാത്സ് കോമ്പിനേഷനാണ് സയൻസ് ബാച്ച്. 1990 ലാണ് സ്കൂളിൽ പ്ലസ്ടു ആരംഭിച്ചത്.

## ഗവ. യു.പി. സ്കൂൾ, കക്കാട്/കളമ്പൂർ

## ഗവ. എൽ.പി. സ്കൂൾ, പിറവം/പാഴൂർ

കക്കാട്, കളമ്പൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ നിന്നും പാഴൂർ എൽ.പി. സ്കൂളിൽ നിന്നും നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊതുജനങ്ങളായ പൂർവ്വ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് നൽകുന്നു.
2. സ്കൂളിൽ പഠിച്ചിരുന്നു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നു.
3. വിവരാവകാശ കത്തുകൾക്ക് മറുപടി നൽകിവരുന്നു.
4. സ്കൂളിൽ പഠിച്ചുപോയ കുട്ടികൾക്ക് തുടർ പഠനത്തിനാവശ്യമായ രേഖകൾ നൽകി വരുന്നു.
5. സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ആവശ്യമായ സേവനങ്ങൾ നൽകിവരുന്നു.

## വെറ്ററിനറി പോളിക്ലിനിക് പിറവം, മുളക്കുളം

| ക്രമ നം. | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | നിശ്ചിത സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 1. | എ) കൃത്രിമ ബീജ സങ്കലനം | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | മൃഗങ്ങളെ സ്ഥാപനത്തിൽ കൊണ്ടുവന്നിട്ടു ണ്ടെങ്കിൽ ഒരു മണിക്കൂറിനകം | വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, റീജ്യണൽ ആർട്ടി ഫിഷ്യൽ ഇൻസെമി നേഷൻ സെന്റർ |
| | ബി) പ്രഥമ ശുശ്രൂഷ | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | എത്രയും പെട്ടെന്ന് (വെറ്ററിനറി സർജന്റെ അഭിപ്രായം ആരാഞ്ഞ്) | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, റീജ്യണൽ ആർട്ടി ഫിഷ്യൽ ഇൻസെമി നേഷൻ സെന്റർ | ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം |
| 2. | എ)വാക്സിനേഷൻ സർട്ടിഫിക്കറ്റ് | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | അതേ ദിവസം നായ്ക്കൾക്ക് - 10 രൂപ ഫീസ് | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| | ബി) ആരോഗ്യ വില നിർണ്ണയ സർട്ടിഫിക്കറ്റ് ഇൻഷൂറൻസിന് വേണ്ടി | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | മൂന്ന് ദിവസത്തിനകം | | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| | സി) മരണ സർട്ടിഫിക്കറ്റ് | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | ആദ്യ റിപ്പോർട്ട് 3 ദിവസത്തിനകം, അന്തിമ റിപ്പോർട്ട് ലാബ് പരിശോധന ഫലം അറിഞ്ഞ തിന് ശേഷം | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| | ഡി) പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഇൻഷൂറൻസിന് വേണ്ടി പ്രഥമ വിവരം റിപ്പോർട്ട് | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | പെർമനന്റ് ടോട്ടൽ ഡിസെബിലിറ്റി സ്ഥിരീകരിച്ച് മൂന്ന് ദിവസത്തിനകം | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| 3. | ചികത്സാ സേവനം ലഭ്യമാക്കൽ (കൃത്രിമ ബീജ ധാനം) | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | മൃഗങ്ങളെ സ്ഥാപനത്തിൽ കൊണ്ടുവന്നിട്ടു ണ്ടെങ്കിൽ 3 മണിക്കൂറിനകം | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |

## വെറ്ററിനറി പോളിക്ലിനിക് പിറവം, മുളക്കുളം

| ക്രമ നം. | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | നിശ്ചിത സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| 4 | സർക്കാർ ഫാമുകൾ (കന്നുകാലി, കോഴി ഫാമുകൾ) സന്ദർശിക്കുവാനോ ഉരുക്കളെ വാങ്ങുന്നതിനോ താൽപ്പര്യമുള്ള കർഷകർക്കുള്ള സേവനം | വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ | 3 ദിവസത്തിനകം മറുപടി ലഭ്യമാക്കും ഉരുക്കളെ നൽകുന്നത് ലഭ്യതയുടെ അടിസ്ഥാനത്തിലും ബുക്കിംഗിന്റെ ക്രമ നമ്പർ അനുസരിച്ചും ആയിരിക്കും | ഫാമിലെ ഓഫീസ് തലവൻ | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| 5 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തൽ | സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം സർക്കിൾ വെറ്ററിനറി സർജൻ/ സീനിയർ | അംഗീകൃത ഗുണഭോക്തൃ പട്ടികയും ഫണ്ടും ലഭിച്ച് 30 ദിവസം | ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥൻ | അഡീഷണൽ ഡയറക്ടർ പ്രത്യേക കന്നുകുട്ടി പരിപാലനം |
| 6 | അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന മൃഗങ്ങൾക്ക് പ്രവേശന അനുമതി നൽകുന്നത് | ചെക്ക്പോസ്റ്റിലെ ചുമതലയുള്ള ഫീൽഡ് ഓഫീസർ | ഒരു മണിക്കൂറിനകം (തിരക്കനുസരിച്ച്) | അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ഗോരക്ഷ) | ജില്ലാ കോ-ഓർഡിനേറ്റർ ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| 7 | മൃഗോൽപ്പന്നങ്ങൾക്കും സമുദ്രോൽപ്പന്നങ്ങൾക്കും കയറ്റുമതിക്കാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നത് | മൃഗോൽപ്പന്ന സമുദ്രോൽപ്പന്ന പരിശോധന ഉദ്യോഗസ്ഥൻ (ലൈവ് സ്റ്റോക്ക് പ്രൊഡക്ട് ഇൻസ്പെക്ടിംഗ് ഓഫീസ് മരട് കൊച്ചി | മൂന്ന് ദിവസത്തിനകം (പരിശോധന പ്രോട്ടോകോൾ അനുസരിച്ച്) | ജില്ലാ മൃഗസംരക്ഷണ ഓഫീസർ എറണാകുളം | ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് |
| 8 | പ്രകൃതി ദുരന്ത നിവാരണം | വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ | പ്രഥമ പരിശോധനാ റിപ്പോർട്ട് 24 മണിക്കൂറിനകം | ജില്ലാ മൃഗസംരക്ഷണ ഓഫീസർ എറണാകുളം | ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് |

# കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ പിറവം

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 1 | മണ്ണുപരിശോധന (കൃഷിഭവൻ) | കൃഷിഭവൻ പരിധിയിൽ കൃഷി | ശാസ്ത്രീയമായി തയ്യാറാക്കിയ സാമ്പിളുകളും അപേക്ഷയും കൃഷിഭവനിൽ നൽകുക | ഇല്ല | മണ്ണുപരിശോധന ലാബിൽ നിന്ന് പരിശോധനാ റിപ്പോർട്ട് 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കും | കൃഷിഓഫീസർ/ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 2 | മണ്ണുപരിശോധന (കർഷകൻ നേരിട്ട് ലാബിൽ നൽകുമ്പോൾ) | കർഷകർ | മണ്ണുസാമ്പിളും അപേക്ഷയും ജില്ലാതല മണ്ണ് പരിശോധനാ ലാബിൽ നൽകുക | 50 രൂപ | 7 ദിവസം | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 3 | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് | (1) കർഷകർ (2) കൃഷി ചെയ്യുന്ന പുരയിടത്തിൽ ഇൻഷ്വർ ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾ മുഴുവനായി ഉൾപ്പെടുത്തണം. | ഓൺ ലൈനായി അപേക്ഷ സമർപ്പിക്കാം (AIMS Portal) | വിളകൾക്ക് അനുസരിച്ചുള്ള നിശ്ചിത പ്രീമിയം തുക | പ്രീമിയം തുക അടച്ച് ഒരു മാസത്തിനുള്ളിൽ പോളിസി ഡോക്യുമെന്റ് നൽകുന്നതാണ്. എന്നിരുന്നാലും 7 ദിവസത്തിനു ശേഷം ഇൻഷ്വറൻസ് കവറേജ് ലഭ്യമായി തുടങ്ങും | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ/പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 4 | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത വിളയ്ക്ക് വിളനാശത്തിനുള്ള ആനുകൂല്യം | വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിരിക്കണം (2) പ്രകൃതിക്ഷോഭം/ വന്യമൃഗങ്ങളുടെ ആക്രമണം കാരണം വിളനാശം സംഭവിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകണം. | ഓൺ ലൈനായി അപേക്ഷ സമർപ്പിക്കാം (AIMS Portal) | ഇല്ല | (1) കൃഷിഭവനിൽ പ്രീമിയം തുക അടച്ച് ഏഴ് ദിവസത്തിന് ശേഷം ഇൻഷ്വർ ചെയ്ത കാലയളവിനകം വിളനാശം സംഭവിച്ചാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. (2) ക്ലെയിമിന്റെ സ്വഭാവമനുസരിച്ച് പരമാവധി 3 മാസത്തിനകം ആനുകൂല്യം ലഭ്യമാക്കും | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ/പ്രിൻസിപ്പൽ കൃഷി ഓഫീസർ / കൃഷി ഡയറക്ടർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 5 | പ്രകൃതിക്ഷോഭം കാരണം വിളനാശത്തിനുള്ള ആനുകൂല്യം ലഭിക്കുന്നതിന് | പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കൃഷിഭവൻ പരിധിയിലുള്ള കർഷകർ | ഓൺലൈൻ ആയി അപേക്ഷിക്കാം | ഇല്ല | ആനുകൂല്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കർഷകർക്ക് നൽകുന്നു. | കൃഷി ഭവൻ/ കൃഷി ഫീൽഡ് ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 6 | ശാസ്ത്രീയ കൃഷി രീതികൾ, വിളപരിചരണം തുടങ്ങിയവ സംബന്ധിച്ച് ഉപദേശങ്ങൾ | കർഷകർ | പ്രത്യേകം അപേക്ഷാ ഫോറം ഇല്ല. കൃഷിഭവനിലെ ഉദ്യോഗസ്ഥരെ സമീപിച്ച് പ്രശ്നത്തെക്കുറിച്ച് നേരിട്ട് ചർച്ച ചെയ്യുക | ഇല്ല | കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി നിർദ്ദേശങ്ങൾ എത്രയും വേഗം നൽകുന്നു. | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 7 | കാർഷിക പരിശീലനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭിക്കുന്നതിന് | കർഷകർ | പ്രത്യേകം അപേക്ഷാ ഫോറം ഇല്ല. കൃഷിഭവനിൽ നേരിട്ട് സമീപിക്കുക | ഇല്ല | ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ നൽകുന്നു. വിശദവിവരങ്ങൾ കൃഷിഭവനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കും. | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 8 | വിത്ത്, നടീൽ വസ്തുക്കൾ, കീടനാശിനികൾ, വളങ്ങൾ തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് | കർഷകർ | പ്രത്യേക അപേക്ഷാ ഫോറം ഇല്ല. കൃഷിഭവനിൽ നേരിട്ട് സമീപിക്കുക | ഇല്ല | ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ നൽകുന്നു. വിശദ വിവരങ്ങൾ കൃഷിഭവനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കും. | കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 9 | വിത്ത്, നടീൽ വസ്തുക്കൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയുടെ വില്പന | കർഷകർ/ പൊതുജനങ്ങൾ | അപേക്ഷാഫോറം ഇല്ല. നേരിട്ട് കൃഷിഭവൻ/ഫാമുകൾ സന്ദർശിച്ച് വാങ്ങുക. | സർക്കാർ നിശ്ചയിക്കുന്ന വില വിവരം കൃഷിഭവൻ/ ഫാം ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്. | ലഭ്യതയുടെ അടിസ്ഥാനത്തിൽ നൽകുന്നു. | കൃഷി ഓഫീസർ/ ഫാം സൂപ്രണ്ട് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ |
| 10 | ജലസേചനത്തിനാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് | കൃഷിഭവൻ പരിധിയിൽ സ്വന്തമായി 25 സെന്റ് എങ്കിലും കൃഷിയുള്ള കിണർ, കുളം, പമ്പ്സെറ്റ്, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുള്ള കർഷകർ | (1) നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, കരം തീർത്ത രസീതിന്റെ പകർപ്പ് എന്നിവ കൃഷിഭവനിൽ സമർപ്പിക്കുക. | ഇല്ല | 5 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകുന്നു. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 11 | ജനസേചനാവശ്യത്തിന് വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് | ജലസേചനത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കൃഷിഭവൻ പരിധിയിലെ കർഷകർ | (1) നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ, കരം തീർത്ത രസീതിന്റെ പകർപ്പ് ഇവ കൃഷിഭവനിൽ നൽകുക. | ഇല്ല | തെരഞ്ഞെടുക്കപ്പെടുന്നവരുടെ വൈദ്യുതി ചാർജ്ജ് കൃഷിവകുപ്പിൽ നിന്ന് നേരിട്ട് വൈദ്യുതി ബോർഡിൽ അടയ്ക്കുന്നു. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി ഡയറക്ടർ |
| 12 | ജലസേചനത്തിനുള്ള വെള്ളം പരിശോധിക്കുന്നതിന് | കർഷകർ | സാമ്പിളുകൾ നേരിട്ട് കൃഷിവകുപ്പിന്റെ മണ്ണ് പരിശോധനാ ലാബിൽ നൽകുക. | ഇല്ല | 3 ദിവസത്തിനകം പരിശോധനാ റിപ്പോർട്ട് നൽകുന്നു. | അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 13 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് | പദ്ധതിയിൽ നിശ്ചയിക്കപ്പെട്ട വിധം | അപേക്ഷയും കരംതീർത്ത രസീതിന്റെ പകർപ്പും കൃഷിഭവനിൽ നൽകുക | ഇല്ല | പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതുപ്രകാരം വിശദവിവരം കൃഷിഭവനിൽ പ്രദർശിപ്പിക്കും | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 14 | തദ്ദേശസ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് | പ്രോജക്ടിൽ നിശ്ചിയിക്കുന്നതനുസരിച്ച് ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ/വാർഡ് സഭകളിലൂടെ തെരഞ്ഞെടുക്കുന്നു. | (1) നിർദ്ദിഷ്ട ഫോറത്തിലെ അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ/ഗ്രാമസഭയിൽ/വാർഡ് സഭയിൽ നൽകുക. | ഇല്ല | പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരം | മുനിസിപ്പാലിറ്റി: കൃഷി ഫീൽഡ് ഓഫീസർ | തദ്ദേശ സ്വയംഭരണ സ്ഥാപനം |
| 15 | നഴ്സറികൾ ആരംഭിക്കുന്നതിന് | കൃഷി ശാസ്ത്രത്തിൽ ബിരുദമോ/കൃഷി ശാസ്ത്രം വിഷയമായി വൊക്കേഷണൽ ഹയർ സെക്കന്ററിയോ പാസ്സായ ആളിന്റെ സേവനം ലഭ്യമായിരിക്കണം. നഴ്സറി തുടങ്ങുന്നതിനാവശ്യമായ സ്ഥലവും മാതൃസസ്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. | അപേക്ഷയും കരം തീർത്ത രസീതിന്റെ പകർപ്പും നഴ്സറിയുടെ മറ്റ് വിശദാംശങ്ങളും കൃഷിഭവനിൽ നൽകുക | 500 രൂപ | അപേക്ഷ കൃഷി ഓഫീസർ പരിശോധിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകുന്നു. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ശുപാർശപ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ലൈസൻസ് അനുവദിക്കുന്നു. പരമാവധി 3 മാസം | പ്രിൻസിപ്പൽ കൃഷി ഓഫീസർ | കൃഷി ഡയറക്ടർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 16 | കൂട്ടുരാസവളം/ ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ് | പ്രത്യേകമായ ചേർത്തിരിക്കുന്നു (പേജ്) | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | 150 രൂപ ഓരോ വളത്തിനും (പരമാവധി 500 രൂപ) | 45 ദിവസത്തിനകം കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) നൽകുന്നു. | കൃഷി അഡീഷണൽ ഡയറക്ടർ (E & T) | കൃഷി ഡയറക്ടർ |
| 17 | കൂട്ടുരാസവളം/ ജീവാണുവളം/രാസവളം എന്നിവയുടെ ജില്ലാതല മൊത്ത വിതരണത്തിനുള്ള ലൈസൻസ് | പ്രത്യേകമായി ചേർത്തിരിക്കുന്നു (പേജ്) | ഓൺലൈൻ ആയി അപേക്ഷിക്കാം (KSWIFT) | 300 രൂപ | 30 ദിവസത്തിനകം ജില്ലാ ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നൽകുന്നു. | ഡെപ്യൂട്ടി ഡയറക്ടർ (E & T) | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 18 | കീടനാശിനി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് | പ്രത്യേകമായി ചേർത്തിരിക്കുന്നു. (പേജ്) | ഓൺലൈൻ ആയി അപേക്ഷിക്കാം | 2000 രൂപ ഓരോ കീടനാശിനിക്കും | കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (പി.പി.) 45 ദിവസത്തിനകം ലൈസൻസ് നൽകുന്നു. | കൃഷി ജോയിന്റ് ഡയറക്ടർ (പി.പി.) | കൃഷി ഡയറക്ടർ |
| 19 | കീടനാശിനി മൊത്തവിതരണത്തിനുള്ള ലൈസൻസ് | പ്രത്യേകമായി ചേർത്തിരിക്കുന്നു. (പേജ്) | ഓൺലൈൻ ആയി അപേക്ഷിക്കാം | 500 രൂപ ഓരോ കീടനാശിനിക്കും | കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (പി.പി.) 45 ദിവസത്തിനകം ലൈസൻസ് നൽകുന്നു. | കൃഷി ജോയിന്റ് ഡയറക്ടർ (പി.പി.) | കൃഷി ഡയറക്ടർ |
| 20 | കീടനാശിനി ജില്ലാതല വിതരണത്തിനുള്ള ലൈസൻസ് | പ്രത്യേകമായി ചേർത്തിരിക്കുന്നു. (പേജ്) | ഓൺലൈൻ ആയി അപേക്ഷിക്കാം | 500 രൂപ ഓരോ കീടനാശിനിക്കും | 45 ദിവസത്തിനകം ജില്ല ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E & T)നൽകുന്നു. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E & T) | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 21 | കേരള കർഷകൻ മാസിക അംഗത്വം | പൊതുജനങ്ങൾ | അപേക്ഷ കൃഷിഭവനിൽ സമർപ്പിക്കുക | പ്രതി വർഷം 100 രൂപ | അപേക്ഷ സമർപ്പിച്ച് രണ്ട് മാസത്തിനകം ആദ്യലക്കം ലഭ്യമാക്കും | പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ (എഫ്.ഐ.ബി.) | കൃഷി ഡയറക്ടർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 22 | വിത്ത്, നടീൽ വസ്തുക്കൾ ഇറക്കുമതി സാക്ഷ്യപത്രം | പോസ്റ്റ് എന്റ് റിക്വാറന്റയിൻ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള വ്യക്തികൾ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | 50 രൂപ | 10 ദിവസത്തിനുള്ളിൽ സാക്ഷ്യപത്രം നൽകും | കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) | കൃഷി ഡയറക്ടർ |
| 23 | വിത്തുഗുണമേന്മ പരിശോധന | കർഷകർ | നിർദ്ദിഷ്ട ഫോറത്തിൽ തിരുവനന്തപുരത്തും ആലപ്പുഴയിലും പ്രവർത്തിക്കുന്ന വിത്തു പരിശോധനാശാലയിൽ സാമ്പിളുകൾ സമർപ്പിക്കുക. | ഓരോ സാമ്പിളിനും 10 രൂപ | സാമ്പിളുകൾ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ | സീനിയർ സീഡ് അനലിസ്റ്റ് | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 24 | ബയോകൺട്രോൾ ഏജൻസിന്റെ വിതരണം | കർഷകർ | പ്രത്യേക അപേക്ഷാ ഫോറം ഇല്ല. മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ബയോകൺട്രോൾ ലാബിൽ നേരിട്ടോ ഫോണിലൂടെയോ ആവശ്യപ്പെടാവുന്നതാണ്. | അപേക്ഷാ ഫീസ് ഇല്ല. എന്നാൽ ലഭിക്കേണ്ട ബയോ കൺട്രോൾ ഏജന്റിന്റെ വില നൽകണം. | ലഭ്യതയനുസരിച്ച് 7 ദിവസത്തിനുള്ളിൽ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 25 | മിത്ര കീടങ്ങളുടെ വിതരണം | കർഷകർ | പ്രത്യേക അപേക്ഷാ ഫോറം ഇല്ല. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ പ്രവർത്തിക്കുന്ന മിത്രകീട പ്രജനന കേന്ദ്രങ്ങളിൽ നേരിട്ടോ ഫോണിലൂടെയോ ആവശ്യപ്പെടാവുന്നതാണ്. | അപേക്ഷാ ഫീസ് ഇല്ല | ആവശ്യപ്പെടുന്ന അന്നു തന്നെ കൃഷിയിടങ്ങളിൽ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി മിത്ര കീടങ്ങളെ റിലീസ് ചെയ്യുന്നതാണ്. | കൃഷി ഫീൽഡ് ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| **കർഷക അവാർഡുകൾ** | | | | | | | |
| 26 | നെൽകതിർ | ഗ്രൂപ്പ് ഫാമിംഗ് സമിതികൾ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 2 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച പാടശേഖര സമിതിക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 27 | കർഷകോത്തമ | കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച കർഷകന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 28 | യുവ കർഷക വനിത | യുവ കർഷക വനിത | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച യുവ കർഷക വനിതയ്ക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 29 | യുവകർഷകൻ | യുവകർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച യുവ കർഷകന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 30 | കേരകേസരി | നാളികേര കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച യുവ കർഷക വനിതയ്ക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 31 | ഹരിതമിത്ര | പച്ചക്കറി കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച യുവ കർഷക വനിതയ്ക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 32 | ഉദ്യാനശ്രേഷ്ഠം | പുഷ്പ കൃഷി ചെയ്യുന്ന കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 1 ലക്ഷം രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച പുഷ്പ കൃഷി കർഷകന് കർഷക ദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 33 | കർഷക ജ്യോതി | പട്ടികജാതി/വർഗ്ഗ കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 50,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച പട്ടിക ജാതി/വർഗ്ഗ കർഷകന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 34 | ഫ്ളവർ എക്സ്പോർട്ടർ | പൂവ് കയറ്റുമതി ചെയ്യുന്ന വ്യക്തികൾ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 50,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച പൂവ് കയറ്റുമതി ചെയ്യുന്ന വ്യക്തിക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 35 | കർഷകതിലകം | വനിത കർഷക | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച വനിത കർഷകയ്ക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 36 | ശ്രമശക്തി | കർഷക തൊഴിലാളി | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച കർഷക തൊഴിലാളിക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 37 | കൃഷി വിജ്ഞാൻ | കൃഷി ശാസ്ത്രജ്ഞൻ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച കൃഷി ശാസ്ത്രജ്ഞന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 38 | കർഷക മിത്ര | കർഷിക മേഖലയിലെ വിജ്ഞാന വ്യപനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ | നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കാർഷിക വിജ്ഞാന വ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും മികച്ച വ്യക്തിക്ക് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 39 | കർഷകഭാരതി | കാർഷിക പത്രപ്രവർത്തകർ | നിർദ്ദിഷ്ട ഫോറത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കാർഷിക വ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും മികച്ച കാർഷിക പത്രപ്രവർത്തനത്തിന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 40 | ക്ഷോണി സംരക്ഷണ | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്ന കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ ജില്ല മണ്ണ് സംരക്ഷണ ഓഫീസിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്ന കർഷകന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 41 | ക്ഷീരധാര | ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന സങ്കരയിനം പശു വളർത്തുന്ന കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ പഞ്ചായത്ത് തല മൃഗാശുപത്രി/പോളി ക്ലിനിക്ക്/ഡയറി എക്സ്റ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന സങ്കരയിനം പശുവളർത്തുന്ന കർഷകന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 42 | പൗൾട്രി അവാർഡ് | ഏറ്റവും കൂടുതൽ മുട്ട/ഇറച്ചികോഴി ഉല്പാദിപ്പിക്കുന്ന കർഷകൻ | നിർദ്ദിഷ്ട ഫോറത്തിൽ പഞ്ചായത്ത് തല മൃഗാശുപത്രി/പോളിക്ലിനിക്/ഡയറി എക്സ്റ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ സമർപ്പിക്കുക | ഇല്ല | 25,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം കാർഷിക വ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏറ്റവും കൂടുതൽ മുട്ട/ഇറച്ചി കോഴി ഉല്പാദിപ്പിക്കുന്ന കർഷകന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 43 | ഹരിതകീർത്തി | കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന/പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഫാമുകൾ | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ കൃഷി ഡയറക്ടർക്ക് സമർപ്പിക്കുക | ഇല്ല | 5,000 രൂപ, സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഏറ്റവും മികച്ച ഫാമിന് കർഷകദിനത്തിൽ വിതരണം ചെയ്യുന്നു. | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |

| ക്രമ നമ്പർ | സേവനങ്ങൾ | അർഹത മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | ഫീസ് | ചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 44 | കർഷകരത്ന | കാർഷിക മേഖലയ്ക്ക് സമഗ്രസംഭാവന നൽകുന്ന കർഷകൻ | അപേക്ഷ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | 2 ലക്ഷം രൂപയും ഒരു പവൻ മൂല്യമുള്ള സ്വർണ്ണ പതക്കവും ഫലകവും സാക്ഷ്യപത്രവും അടങ്ങുന്നതാണ് പുരസ്കാരം | കൃഷി ഡയറക്ടർ | അഗ്രികൾച്ചറൽ സെക്രട്ടറി |
| 45 | ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ | സ്വന്തമായോ പാട്ടത്തിനോ കുറഞ്ഞത് 10 വർഷമെങ്കിലും കൃഷി പണി ചെയ്തിരുന്നതും 60 വയസ്സ് കഴിഞ്ഞ കർഷകർ | നിർദ്ദിഷ്ട അപേക്ഷാ ഫോറം കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | | കൃഷി ഫീൽഡ് ഓഫീസർ | കൃഷി അസി. ഡയറക്ടർ |